
# രാഗലയം ശ്രുതി

**കലാ–സാംസ്കാരിക മാസിക**

**പുസ്തകം 6 ലക്കം 7**

**സെപ്റ്റംബർ/ഒക്ടോബർ 2019**


ജപകോടി ഗുണം ധ്യാനം
ധ്യാനകോടി ഗുണംലയം
ലയകോടി ഗുണം ഗാനം
ഗാനാൽ പരതരംനഹി




കവർ ചിത്രം : അഞ്ചാമത് ദക്ഷിണാമൂർത്തി നാദപുരസ്കാരം ഭരത് സുരേഷ് ഗോപിയും ഡോ. ഉണ്ണിദാമോദരനും ചേർന്ന് പ്രശസ്ത സംഗീതസംവിധായൻ ശ്രീ. എം.കെ. അർജ്ജുനൻ മാസ്റ്റർക്ക് സമ്മാനിക്കുന്നു. സമീപം ദേവസ്ഥാനം ട്രസ്റ്റി ശ്രീ. കെ.ഡി. വേണുഗോപാൽ


മാനേജിംഗ് എഡിറ്റർ
**ഡോ. എ.ഇ. കൃഷ്ണൻനമ്പൂതിരി**

ചീഫ് എഡിറ്റർ
**മാങ്കുളം ജി.കെ.**

പത്രാധിപസമിതി
ഡോ. സി. പി. ഉണ്ണിക്കൃഷ്ണൻ
കലാശ്രീ കോട്ടയം കെ. വീരമണി
ഡോ. ശ്രീവത്സൻ നമ്പൂതിരി

ഉപദേശകസമിതി
ആർ. രാമചന്ദ്രൻനായർ IAS
പ്രൊഫ. പാറശ്ശാല രവി
പി. വിജയാംബിക പാലക്കാട്
രമേശൻ വി. പുന്നയൂർക്കുളം

നിയമോപദേശം
അഡ്വ. ജി. ഹരികൃഷ്ണൻ ഹരിപ്പാട്

Setting and Layout : Hari chittakkadan



വിലാസം

രാഗലയം ശ്രുതി, ചേപ്പാട് പി.ഒ.,
ആലപ്പുഴ (ജില്ല), കേരളം-690507
ഫോൺ : 0479-2470429, 9447037932

ragalayamsruthy@gmail.com,
Website : www.ragalayammusics.com


## ഉള്ളടക്കം...


എൻ.പി. രാമസ്വാമി ...................................... 3
അനുഭവകഥകൾ ......................................... 9
സംഗീതാമൃതകഥാമാലിക ............................ 11
സംഗീതം ജീവിതം ...................................... 14
രാഗാമൃതം .................................................. 17
കൂത്തൊഴിയുന്ന കൂത്തമ്പലങ്ങൾ ............... 20
സാതവേദി .................................................. 23
അഭിനയകല ............................................... 26
സിനിമയിലെ ക്രൈസ്തവ ഗാനങ്ങൾ ........... 29
കലാദർശിനി .............................................. 32



രാഗലയം ശ്രുതിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം അതാത് ലേഖകർക്കായിരിക്കും



## എഡിറ്റോറിയൽ

ലോകത്തിലില്ലാത്തതൊന്നും കലാകാരനാവിഷ്കരിക്കാനാവില്ല. എന്നാൽ അവ ഇല്ലാത്തതായിരുന്നു എന്ന് തോന്നിപ്പിക്കലിലാണയാളുടെ വിജയം. കല അപൂർണ്ണമാണെങ്കിലും പൂർണ്ണമെന്നു തോന്നിപ്പിക്കുന്ന വൈഭവമാണത്. ദൈവം ഉണ്ടെന്ന് തോന്നുന്നതുപോലെ പലപ്പോഴും ഇല്ലെന്നും തോന്നാറുണ്ട്. കലകളും പലപ്പോഴും സഫലമായും വിഫലമായും അനുഭവപ്പെടും. 'കല' എന്നത് ഒരിക്കലും പൗർണ്ണമിയിലെത്താത്ത ചന്ദ്രക്കലയാണ്. എങ്കിലും അതിന് ആസ്വാദകരെ ആനന്ദിപ്പിക്കുവാൻ കഴിയുന്നു. ഒരുതരത്തിൽ അപൂർണ്ണതയാണ് ആനന്ദത്തിന് ഹേതു എന്നും പറയാം. പൂർണ്ണതയാർന്ന ഒരു കലാകാരനില്ല, പൂർണ്ണ തൃപ്തനാകുന്ന ആസ്വാദകനും. പക്ഷെ ബോദ്‌ലെയർ പറഞ്ഞതുപോലെ "കല അനശ്വരവും കാലം നശ്വരവുമാകുന്നു" എന്നതാണ് പരമസത്യം.

തങ്ങളുടെ ദേഹം നശ്വരമാണെങ്കിലും അനശ്വര യശസ്സിനുടമകളാകാൻ ഭാഗ്യമുള്ളവരാണ് ഉന്നത കലാകാരന്മാർ. അവരുടെ ദേഹവിയോഗങ്ങൾ സഹൃദയർക്ക് കനത്ത ദുഃഖദായകമാണെങ്കിലും അവർ അവശേഷിപ്പിച്ച കലാസൃഷ്ടികൾ ആസ്വാദകരെ എന്നെന്നും ആനന്ദിപ്പിക്കും. ആ ഗണത്തിൽ പെടുത്താവുന്ന കലാപ്രതിഭകളാണ് ഈയിടെ ദേഹം വെടിഞ്ഞ 'കേരളദീക്ഷിതർ' എന്നു പ്രശസ്തനായ സംഗീതജ്ഞൻ ശ്രീ. എൻ. പി. രാമസ്വാമി ഗഞ്ചിറ, മൃദംഗവാദകൻ കൈതവന മാധവദാസ്, സംഗീതജ്ഞൻ ഗുരുവായൂർ വെങ്കിടേശ്വരൻ, കല്പാത്തി സൂര്യനാരായണൻ എന്നിവർ.

രാമസ്വാമി, രാഗലയം പ്രസ്ഥാനങ്ങളുടെയും 'ശ്രുതി' മാസികയുടെയും ചിരകാല ബന്ധുവും അഭ്യുദയകാംക്ഷിയും സഹകാരിയുമൊക്കെയായിരുന്നു. 'ദ്വിജാതിത്രിപുട'യെന്ന രാഗവും 22 വർണ്ണങ്ങൾ, 35 കീർത്തനങ്ങൾ, രണ്ട് തില്ലാനകൾ എന്നിവയും അദ്ദേഹം സ്വന്തമായി ആവിഷ്കരിക്കുകയുണ്ടായി. നിരവധി വിലപ്പെട്ട പുരസ്കാരങ്ങൾ നേടുകയും സംഗീതസംബന്ധിയായ ഏതാനും ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്.

മാധവദാസാകട്ടെ ഒട്ടേറെ പുരസ്കാരങ്ങൾക്കർഹനാകുകയും ധാരാളം ചലച്ചിത്രങ്ങളുടെ പിന്നണിയിൽ പ്രവർത്തിക്കുകയും 'ജീവിതനൗക' എന്ന ചിത്രത്തിൽ അഭിനയിക്കുകയും ചെയ്തിട്ടുണ്ട്. സംഗീതപാരമ്പര്യം അവകാശപ്പെടാവുന്ന ഗുരുവായൂർ വെങ്കിടേശ്വരൻ, പുല്ലാങ്കുഴൽ വിദഗ്ദ്ധൻ കല്പാത്തി സൂര്യനാരായണൻ എന്നിവരും സംഗീതരംഗത്ത് നിസ്തുല സംഭാവന നൽകിയവരാണ്. ഈ പ്രതിഭാപ്രകാശങ്ങളുടെ പാവന സ്മൃതികൾക്കു മുന്നിൽ രാഗലയം പ്രവർത്തകരുടെ ആദരാഞ്ജലികൾ.

*ചീഫ് എഡിറ്റർ*

---

# രാഗലയം ശ്രുതി കലാ – സാംസ്കാരിക മാസിക

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല. കേരളം – 690507. ഫോൺ : 0479 – 2470429, 9447037932

## (Subscription Form)

പേര് :..........................................................................................................

വിലാസം :.....................................................................................................

.......................................................................................................................

ജില്ല : ....................................പിൻകോഡ്.................................മൊബൈൽ ..................................

ഇ-മെയിൽ ...................................................................................

വാർഷിക വരിസംഖ്യ 200/- രൂപ ☐ ലൈഫ് മെമ്പർഷിപ്പ് - 3000/- രൂപ ☐

തീയതി : ഒപ്പ്

വിലാസം - **മാനേജിംഗ് എഡിറ്റർ, രാഗലയം ശ്രുതി, ചേപ്പാട് പി. ഒ., ആലപ്പുഴ ജില്ല, കേരളം – 690507**

വരിസംഖ്യ ഓൺലൈനായി അടയ്ക്കുവാൻ **A/c No. - 18600100000295, Ragalayam Sruthy, Federal Bank, Cheppad Branch, IFS Code - FDRL0001860** എന്ന നമ്പറിൽ പണമടച്ച് ഫോണിൽ വിളിച്ചുപറയുക. **ഫോൺ നമ്പർ : 09447037932**



പി. വിജയാംബിക

രാജാവിന്റെ സംഗീതസൃഷ്ടികളിലും മറ്റു സംഗീത സപര്യകളിലും പിൻബലവും പ്രേരകശക്തിയുമായിരുന്ന ആത്മസുഹൃത്തും സമവയസ്കനും തുടർന്ന് തിരുവിതാംകൂർ ഭരണാധികാരികളായിരുന്ന ഉത്രാടംതിരുനാൾ, ആയില്യംതിരുനാൾ, വിശാഖംതിരുനാൾ എന്നീ മൂന്നു തലമുറയിലെ രാജാക്കന്മാരുടെ (1829 മുതൽ 1885 വരെ) രാജസദസ്സുകളിൽ നീണ്ട 56 വർഷം ആസ്ഥാനവിദ്വാൻ പദം അലങ്കരിച്ചിരുന്ന പാലക്കാട് നൂറണി പരമേശ്വര ഭാഗവതരുടെയും

# എൻ.പി. രാമസ്വാമി–

## പ്രകാശം മങ്ങാത്ത കേരള സംഗീതപാരമ്പര്യത്തിന്റെ ദീപശിഖ

**നി**ത്യോപാസനയുടെയും ആത്മസമർപ്പണത്തിന്റെയും സാധകോർജ്ജത്തിലൂടെ നേടിയെടുത്ത ശുദ്ധതയും, കൃത്യതയും ഭാവസാന്ദ്രതയും കൊണ്ടു സമ്പുഷ്ടമായ എൻ.പി.ആർ. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന നൂറണി പരശുരാമയ്യർ രാമസ്വാമി എന്ന സംഗീത സന്യാസിയുടെ കൊച്ചി, മട്ടാഞ്ചേരി, തെക്കേമഠത്തിനടുത്തുള്ള വസതിയിൽ നിന്നും അനുസ്യൂതം പ്രവഹിച്ചിരുന്ന ആ ശ്രേഷ്ഠമായ നാദധാര ഇനി ഓർമ്മയിൽ മാത്രം. 2019 നവംബർ മാസം 5-ാം തീയതി തന്റെ നീണ്ട എഴുപതു വർഷക്കാലത്തെ ധ്യാനാത്മകമായ സംഗീതസപര്യ അവസാനിപ്പിച്ച് ആ നാദോപാസകൻ 88-ാം വയസ്സിൽ വിടപറയുമ്പോൾ കർണ്ണാടകസംഗീതലോകത്തിന്, പ്രത്യേകിച്ച് കേരളത്തിന് ഒരു ഭീഷ്മാചാര്യനെയാണ് നഷ്ടമാകുന്നത്.

കേരളത്തിന്റെ തന്റേതായ ഒരു കർണ്ണാടകസംഗീത സംസ്കൃതിയുടെ ഉദയം കുറിച്ച മഹാരാജാ സ്വാതിതിരുനാളിന്റെ രാജസദസ്സിലെ ആസ്ഥാനവിദ്വാൻ എന്നതോടൊപ്പം മഹാ



അദ്ദേഹത്തിന്റെ പുത്രന്മാരും തിരുവിതാംകൂർ രാജസദസ്സിലെ വിദ്വാന്മാരുമായിരുന്ന മഹാദേവഭാഗവതരുടെയും രാമകൃഷ്ണ ഭാഗവതരുടെയും പിൻതലമുറക്കാരനായ എൻ.പി. രമസ്വാമി എന്ന പൈതൃക സംഗീതത്തിന്റെ പതാകാവാഹകനായിരുന്ന മഹാ സംഗീതജ്ഞന്റെ വിയോഗത്തോടെ അഞ്ചു തലമുറകളായി തുടർന്നു വന്നിരുന്ന ആ പാരമ്പര്യ സംഗീത സംസ്കൃതിയുടെ കണ്ണിയാണ് അറ്റുപോയത്. പാരമ്പര്യത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങി നിന്നുകൊണ്ടു തന്നെ മനോധർമ്മ സംഗീതത്തിന്റെ അനന്തമായ പ്രയോഗ സാധ്യതകളെ നിരന്തരമായ സാധനയിലൂടെയും ഗവേഷണ തല്പരതയോടെയും തേടിക്കണ്ടെത്തിയ സംഗീത നിപുണൻ, കച്ചേരി വേദികളിൽ പ്രൗഢ സുന്ദരമായ പ്രസന്നതയോടെ ഘനഗംഭീരമായ ശബ്ദത്തിൽ സദസ്യരെ ഒന്നടങ്കം തന്നിലേക്കാകർഷിക്കുന്ന പാണ്ഡിത്യവും ലാളിത്യവും ഒന്നിച്ചിണങ്ങുന്ന അവതരണ ശൈലിയുടെ ഉടമയായ സംഗീതജ്ഞൻ, കർണ്ണാടക സംഗീതത്തിന്റെ എല്ലാ ഇനങ്ങളിലും സ്വന്തം രചനകളിലൂടെ മികച്ച സംഭാവന നൽകിയിട്ടുള്ള ഒരു വാഗ്ഗേയകാരൻ,

തനിയ്ക്കു ജന്മനാ സിദ്ധിച്ചതും താൻ നേടിയെടു ത്തതുമായ ജ്ഞാനം നിർലോഭം ശിഷ്യഗണ ങ്ങൾക്ക് വാരി നൽകുവാൻ സന്മനസ്സുള്ള ഒരു വാത്സല്യനിധിയായ ഗുരുനാഥൻ, പ്രായഭേദമെന്യേ ആരുടെ കച്ചേരിയും സദസ്സിന്റെ മുൻനിരയിലെ നിറസാന്നിദ്ധ്യമായി പ്രോത്സാഹനവും പ്രചോദ നവും നൽകുന്ന ഒരു നല്ല ആസ്വാദകൻ, ഒരു സംഗീത ഗ്രന്ഥകാരൻ, സർവ്വോപരി സുഹൃദ്ബന്ധ ങ്ങൾ ഏറെ ഇഷ്ടപ്പെടുന്ന ലളിതജീവിതം നയി ക്കുന്ന ഒരു നല്ല മനുഷ്യസ്നേഹി. ഇവയെല്ലാം തികഞ്ഞ ഒരു മഹദ് വ്യക്തിത്വമാണ് നമ്മെ വിട്ടുപി രിഞ്ഞത്.

പാലക്കാട് (നൂറണി) പരമേശ്വര ഭാഗവതരുടെ പുത്രൻ, വീണ, വയലിൻ, പുല്ലാങ്കുഴൽ, ശരബദ് തുടങ്ങിയ പതിനെട്ടു വാദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രവീണനായ മഹാദേവഭാഗവത രുടെ പുത്രൻ വീണാവിദ്വാനും ദാവൂദ് എന്ന സംഗീ തോപകരണം കണ്ടുപിടിച്ചു എന്നും പറയപ്പെടുന്ന പരമേശ്വരഭാഗവത (ചാമിഭാഗവതർ) രുടെ പുത്രി ലക്ഷ്മി (എച്ച) യുടെയും നൂറണി പരശുരാമയ്യരു ടെയും പുത്രനായി 1931 ആഗസ്റ്റ് 21 നാണ് രാമ സ്വാമി ഭൂജാതനായത്.

പിയേഴ്സ് സെസ്‌ലി കമ്പനിയിൽ ഉദ്യോഗസ്ഥ നായിരുന്ന പരശുരാമയ്യരും ഒരു നല്ല സംഗീത ജ്ഞനും സംഗീതാസ്വാദകനുമായിരുന്നു. രാമസ്വാ മിയുടെ പാരമ്പര്യത്തിലൂടെയും ജന്മവാസനയിലൂ ടെയും ലഭിച്ച സംഗീതാഭിരുചി സംഗീതസാന്ദ്രമായ കുടുംബാന്തരീക്ഷത്തിലൂടെ വികസിക്കുവാൻ ആരംഭിച്ചു. ജ്യേഷ്ഠസഹോദരി സീതാലക്ഷ്മിക്കു ലഭിച്ചിരുന്ന സംഗീത പാഠങ്ങൾ കേട്ടിരുന്നത് ശിശുവായ രാമസ്വാമിയിലെ സംഗീതജ്ഞന് വള രാൻ സഹായകമായി.

ബാല്യത്തിൽത്തന്നെ കൊച്ചിയിലെ മൃദംഗവാദ കൻ നാരായണ ഗോവിന്ദശർമ്മ (നന്നു മാസ്റ്റർ), പിന്നീട് തൃശ്ശൂരിലെ പനങ്ങാട് അപ്പ മാസ്റ്റർ എന്നിവ രുടെ കീഴിൽ രാമസ്വാമി മൃദംഗവും അഭ്യസിച്ചു. പ്രഗൽഭരുടേതടക്കം പന്ത്രണ്ടു കച്ചേരികളിൽ മൃദം ഗത്തിൽ അകമ്പടി സേവിക്കുകയും ചെയ്തു. ഈ മൃദംഗവാദനനൈപുണ്യം രാമസ്വാമി എന്ന സംഗീ തജ്ഞനിലെ ലയജ്ഞാനത്തിന് അടിത്തറ പാകു കയും പിന്നീട് മനോധർമ്മ സ്വരപ്രസ്താരവൈദഗ ദ്ധ്യത്തിന് വെള്ളവും വളവും നൽകുകയും ചെയ്തു. ഈ കാലഘട്ടത്തിൽത്തന്നെ പിതാവ് എൻ.പി. അയ്യർ എന്ന പരശുരാമയ്യരിൽ നിന്നും രാമസ്വാമി സംഗീതം അഭ്യസിച്ചു തുടങ്ങി. അഞ്ചു വയസ്സു മുതൽ തന്നെ മനോ ധർമ്മസ്വരപ്രസ്താരത്തിൽ തല്പരനായിരുന്നു എന്ന് പിതാവ് പറഞ്ഞിട്ടുണ്ട് എന്ന് രാമസ്വാമി പറഞ്ഞിരുന്നു. പതി നാറാം വയസ്സിൽ കൊച്ചി തെക്കേഠത്തിൽ സ്കന്ദഷഷ്ഠി ഉത്സവത്തോടനുബന്ധിച്ച് നടന്ന അരങ്ങേറ്റ കച്ചേരി യോടെ 88-ാം വയസ്സുവരെ നടത്തിയ രണ്ടായിരത്തോളം കച്ചേരികൾക്ക് തുടക്കം കുറി ക്കുകയായി.



ബാല്യം മുതൽ തന്നെ മട്ടാ ഞ്ചേരി ഗോശ്രീ ഗാനസഭയിൽ കച്ചേരി ചെയ്യാൻ എത്തുന്ന ഡി.കെ. ജയരാമൻ, നെടുനൂരി കൃഷ്ണമൂർത്തി, പാലക്കാട് കെ.വി. നാരായണസ്വാമി, ആർ.കെ. ശ്രീകണ്ഠൻ, ജി. എൻ. ബാലസുബ്രഹ്മണ്യം, എം. ബാലമുരളീകൃഷ്മ, എസ്. കല്യാണരാമൻ മുത ലായ മഹാസംഗീതവിദ്വാന്മാർ പരശുരാമയ്യരുടെ ഗൃഹത്തിൽ സ്ഥിരം സന്ദർശകരായിരുന്നു. ഈ സന്ദർഭം സംഗീതകുതുകി യായ കൊച്ചുരാമസ്വാമി വേണ്ടവിധം ഉപയോഗിച്ചിരു

ന്നു. അവരിൽ നിന്നൊക്കെ സംഗീതം അഭ്യസിച്ചിരുന്നതായും അവരൊക്കെയാണ് തന്റെ ഗുരുക്കന്മാരെന്നും രാമസ്വാമി പറയാറുണ്ടായിരുന്നു.

സംഗീതപഠനത്തോടൊപ്പം സ്കൂൾ പഠനത്തിലും അതീവ ശ്രദ്ധാലുവും സമർത്ഥനുമായിരുന്ന രാമസ്വാമി എറണാകുളം മഹാരാജാസ് കോളേജിൽ നിന്നും കെമിസ്ട്രി ഐച്ഛികവിഷയമായെടുത്ത് ഉയർന്ന നിലയിൽ ബിരുദം കരസ്ഥമാക്കി. തുടർന്ന് എഞ്ചിനീയറിംഗ് പഠനത്തിനായി മദ്രാസിലേക്ക് വണ്ടിയകയറിയ രാമസ്വാമിയെ സംഗീതാഭ്യസനത്തിനായുള്ള ഉൽക്കടമായ അഭിവാഞ്ഛ



എത്തിച്ചത് അന്നത്തെ തമിഴ്നാട് സംഗീതകോളേജ് പ്രിൻസിപ്പലും അരിയക്കുടി രാമാനുജയ്യങ്കാരുടെ അരുമശിഷ്യനുമായിരുന്ന മുസിരി സുബ്രഹ്മണ്യയ്യരുടെ സമീപത്തേക്കാണ്. അഭിമുഖത്തിനായെത്തിയ രാമസ്വാമിയുടെ ആലാപനാ വൈദഗ്ദ്ധ്യത്തിൽ അതീവ സന്തുഷ്ടനായ പ്രിൻസിപ്പൽ രാമസ്വാമിയെ സംഗീതബിരുദാനന്തര പഠനത്തിന്റെ അവസാന വർഷത്തിൽ ചേർക്കുവാൻ തയ്യാറായി. എന്നാൽ കൊച്ചിയിൽ തിരിച്ചെത്തിയ രാമസ്വാമിയെ മഹാരാജാസ് കോളേജിലെ കെമിസ്ട്രി പ്രൊഫസറായിരുന്ന മാധവമേനോൻ വിളിച്ചുവരുത്തി കെമിസ്ട്രിയിൽ തന്നെ ഉപരിപഠനം നടത്തിയാലുള്ള തൊഴിൽ സാധ്യതകളെക്കുറിച്ച് പറഞ്ഞ് മനസ്സിലാക്കി സംഗീത കോളേജിലെ പഠനത്തിൽ നിന്നും പിൻതിരിപ്പിച്ചു. മഹാരാജാസ് കോളേജിൽത്തന്നെ അപ്ലൈഡ് കെമിസ്ട്രി പ്രധാന വിഷയമായെടുത്ത് 1953 ൽ ബിരുദാനന്തബിരുദം ഉന്നത ശ്രേണിയിൽത്തന്നെ കരസ്ഥമാക്കി. തുടർന്ന് ഡെമോൺസ്ട്രേട്ടർ തസ്തികയിൽ എട്ടുമാസക്കാലം സേവനം അനുഷ്ഠിക്കുകയും ചെയ്തു.

കോളേജ് കാലഘട്ടത്തിനു ശേഷം സ്പെൻസർ ആൻഡ് കമ്പനിയിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച രാമസ്വാമി 1956 ൽ വോൾട്ടാസ് റോച്ചേ മെഡിക്കൽ കമ്പനിയിൽ പ്രോപഗൻഡിസ്റ്റ് തസ്തികയിൽ പ്രവേശിച്ച് 1991 ൽ ജോലിയിൽ നിന്ന് വിരമിക്കുകയും ചെയ്തു.

ഔദ്യോഗിക കാലഘട്ടത്തിലും രാമസ്വാമി തന്റെ ജീവവായുവായ സംഗീതസപര്യ തുടർന്നുകൊണ്ടിരുന്നു. തന്റെ നാദോപാസനയ്ക്ക് ഭംഗം വരുമെന്ന ഭയത്തിൽ ഔദ്യോഗിക സ്ഥാനലബ്ധിക്കും പദവി ഉയർച്ചയ്ക്കും നേരെ മുഖംതിരിച്ച രാമസ്വാമി നിരന്തരം സംഗീത പരിപാടികൾ നടത്തുകയും സംഗീതം അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു.

1954 മുതൽ ആകാശവാണിയിൽ ഗ്രേഡഡ് കലാകാരനായിരുന്ന എൻ.പി.ആർ., കർണ്ണാടകസംഗീതത്തിൽ 'എ ടോപ്പ്' ഗ്രേഡ് കലാകാരനായിരുന്നു. ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച ശേഷം പൂർവ്വാധികം ശ്രദ്ധയോടെ മുഴുവൻ സമയവും സംഗീത സപര്യ ചെയ്യുവാൻ ആരംഭിച്ചു. ഭാരതത്തിലുടനീളമുള്ള എല്ലാ സഭകളിലും ക്ഷേത്രോത്സവങ്ങളിലും കച്ചേരി അവതരിപ്പിച്ചിട്ടുണ്ട്. ദൂരദർശൻ, പൊതിഗൈ മുതലായി അനേകം ടെലിവിഷൻ ചാനലുകളിലും സ്ഥിരമായി സംഗീത പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. നവരാത്രി മണ്ഡപത്തിൽ ക്ഷണിതാവായി കച്ചേരി നടത്തിയിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ വിസിറ്റിംഗ് പ്രൊഫസറായി സേവനം ചെയ്തിരുന്നു.

കർണ്ണാടകസംഗീതലോകത്തെ അതിപ്രഗൽഭരായ സർവ്വശ്രീ പാലക്കാട് മണിഅയ്യർ, ഉമയാൾപുരം ശിവരാമൻ, ടി.കെ. മൂർത്തി, പാലക്കാട് രഘു, കാരൈക്കുടി മണി, റ്റി.ആർ. രാജാമണി തുടങ്ങിയ മഹാമൃദംഗവിദ്വാന്മാരൊക്കെയും എൻ.പി. രാമസ്വാമിക്ക് കച്ചേരിയിൽ അകമ്പടി സേവിച്ചിട്ടുണ്ട്.

ഒരു നല്ല സംഗീതജ്ഞൻ എന്നതിലുപരി ഒരു പ്രഗൽഭനായ വാഗ്ഗേയകാരൻ കൂടിയാണ് ശ്രീ. എൻ.പി. രാമസ്വാമി. 13 അടതാളവർണ്ണങ്ങളും ഒരു തിശ്രഗതി വർണ്ണവും ഒരു ഖണ്ഡചാപ്പു താളത്തിൽ ചിട്ടപ്പെടുത്തിയ വർണ്ണവും അടക്കം 20 വർണ്ണങ്ങളും 35 കൃതികളും രണ്ടു തില്ലാനകളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. വളരെ ഉന്നതനിലവാരം

പുലർത്തുന്ന അദ്ദേഹത്തിന്റെ രചനകൾ അധികവും സംസ്കൃത ഭാഷയിലാണ് രചിച്ചിട്ടുള്ളത്. അവയുടെ സാഹിത്യഭംഗിയും രചനാവൈദഗ്ദ്ധ്യവും കണ്ട് ആനന്ദനിർഭരനായ തൃപ്പൂണിത്തുറയിലെ നാരായണ ഭട്ടതിരി എന്ന സംസ്കൃത പണ്ഡിതൻ 'കേരളദീക്ഷിതർ' എന്ന് എൻ.പി.ആറിനെ അഭിസംബോധന ചെയ്തുവത്രെ. എൻ.പി. ആറിന്റെ ലയജ്ഞാനത്തിന്റെ മകുടോദാഹരണമാണ് 'ദ്വി'ജാതി ത്രിപുടതാളം എന്നൊരു താളത്തിന്റെ ഉപജ്ഞാതാവുകൂടിയാണ് അദ്ദേഹം എന്നത്. ലഘു, ദ്രുതം, ദ്രുതം എന്ന അംഗങ്ങളുള്ള ത്രിപുടതാളത്തിൽ തിശ്രം, ചതുരശ്രം, ഖണ്ഡം, മിശ്രം, സങ്കീർണ്ണം എന്ന അഞ്ചു ജാതികൾക്കുപരി 'ദ്വി'ജാതി എന്ന രണ്ടക്ഷരം മാത്രമുള്ള ലഘു അടങ്ങുന്ന മൊത്തം ആറക്ഷരം മാത്രമുള്ള ഒരു താളമാണത്. പാലക്കാട് ഫൈൻ ആർട്സ് സൊസൈറ്റിയിൽ വെച്ചു നടന്ന ഒരു കച്ചേരിയിൽ ആ താളത്തിൽ ഒരു പല്ലവി പാടി അതു പ്രയോഗിച്ച് പരിചയപ്പെടുത്തുകയും ചെയ്തു.

എൻ.പി.ആറിന്റെ സ്വന്തം കൃതികൾ മാത്രമുൾക്കൊള്ളിച്ചുകൊണ്ടുള്ള മൂന്നു സി.ഡി.കൾ, അദ്ദേഹത്തിന്റെ സംഭാവനകൾ സംഗീത പ്രേമികൾക്കു ആസ്വാദനത്തിനായും ശിഷ്യവൃന്ദങ്ങൾക്കും മറ്റു സംഗീത വിദ്യാർത്ഥികൾക്കും പാടി പഠിക്കാനും പ്രചരിപ്പിക്കാനും സഹായകമാകും. മുത്തുസ്വാമി ദീക്ഷിതരുടെ നവഗ്രഹകൃതികളുടെ കച്ചേരി സി.ഡി വളരെ ഗഹനമായ സംസ്കൃത കൃതികളുടെ ശുദ്ധമായ അവതരണത്തിനുള്ള മാതൃകയാണ്. മലയാളം കൃതികൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സിഡിയും ഏറെ പ്രചാരത്തിലുണ്ട്.

അറിവിന്റെ ഭണ്ഡാരമായ എൻ.പി.ആർ. സംഗീതവിദ്യാർത്ഥികൾക്കും ആസ്വാദകർക്കും സംഗീത സംബന്ധിയായ വിജ്ഞാനം പ്രദാനം ചെയ്യാനുതകുന്ന ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

1. Techniques of Mauodharmaswara made easy എന്ന ഗ്രന്ഥം മനോധർമ്മസ്വരം തത്സമയം പാടാനുള്ള സാങ്കേതിക പരിജ്ഞാനം നൽകുന്നതാണ്.
2. Swara Sancharas of popular Jayaragas. സാധാരണ പ്രചാരത്തിലുള്ള 128 രാഗങ്ങൾ രാഗഭാവത്തോടെ പാടാനുള്ള വിദ്യകൾ.
3. സംഗീതമഞ്ജരി (രണ്ടു വാല്യം). മുത്തുസ്വാമി ദീക്ഷിതരുടെ നവാവരണ കൃതികളും നവഗ്രഹകൃതികളും സ്വരപ്പെടുത്തിയത് അർത്ഥസഹിതം – മലയാളത്തിൽ. സംഗീത വിദ്യാർത്ഥികൾക്ക് തെറ്റുകൂടാതെ അതിഗഹനങ്ങളായ ഈ ദീക്ഷിതരുടെ സമൂഹകൃതികൾ പാടി പഠിക്കുവാനുള്ള വഴി.
4. പരമേശ്വരഭാഗവതരുടെ വർണ്ണങ്ങളും കൃതികളും ഒപ്പം സ്വന്തം കൃതികളും അടങ്ങിയത്.

പത്നിയുടെ വിയോഗംമൂലം അസ്വസ്ഥമായ മനസ്സിനു സാന്ത്വനമേകിയത് സംഗീതമാണെന്നും തനിക്കു ജീവിക്കുവാനുള്ള ഊർജ്ജവും പ്രേരണയും നൽകിയതും സംഗീതം തന്നെയാണെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു. നിദ്രാവിഹീനമായ

# സ്വാതി സംഗീതസഭ, പാലക്കാട്



പാലക്കാട് സ്വാതി സംഗീതസഭയുടെ പ്രതിമാസ സംഗീതപരിപാടികളുടെ ഭാഗമായി നവംബർ 24 ഞായറാഴ്ച മന്തക്കര ശ്രീ മഹാഗണപതി ക്ഷേത്രത്തിൽ (പുതിയ കല്പാത്തി) നടന്ന ചടങ്ങിൽ കല്പാത്തി ദേശീയ സംഗീതോത്സവത്തോടനുബന്ധിച്ച് വീണാകലാനിധി ദേശമംഗലം സുബ്രഹ്മണ്യയ്യരുടെ സ്മരണയ്ക്കായി നടത്തിയ ശാസ്ത്രീയ സംഗീത മത്സരങ്ങളിൽ വിജയികളായവരെ അനുമോദിച്ചു. ശ്രീമതി. പി. വിജയാംബിക അധ്യക്ഷത വഹിച്ച ചടങ്ങിൽ സർവ്വശ്രീ. ശങ്കരൻനമ്പൂതിരി, ആർ. സ്വാമിനാഥൻ, ശ്രീമതിമാർ കെ. സുജാത, വിനീത നെടുങ്ങാടി ദേശമംഗലം ജാനകി രവി, ദേശമംഗലം വിദ്യാനാരായണൻ എന്നിവർ സംസാരിച്ചു. തുടർന്ന് വിജയികൾ അവതരിപ്പിച്ച സംഗീതപരിപാടിയും അരങ്ങേറി. സ്വാതി സംഗീതസഭയും ദർശൻ സ്കൂൾ ഓഫ് മ്യൂസിക്കും സംയുക്തമായാണ് ചടങ്ങ് സംഘടിപ്പിച്ചത്.

രാത്രികളിൽ ഗ്രന്ഥരചനയിലും സംഗീതകൃതികളുടെ ചിട്ടപ്പെടുത്തലുകളിലും വ്യാപൃതനാകുമ്പോൾ ഏകാന്തതയിൽ നിന്നും ഒറ്റപ്പെടലിൽ നിന്നും മോചനം ലഭിച്ചിരുന്നു എന്നും അദ്ദേഹം പറഞ്ഞിരുന്നു.

എൻ.പി.ആറിന്റെ പ്രഭാതം ആരംഭിക്കുന്ന് ബ്രാഹ്മമുഹൂർത്തത്തിൽ മൂന്നു മണിക്കാണ്. നിത്യ കർമ്മാനുഷ്ഠാനങ്ങളിൽ ജീവിതാന്ത്യം വരെ അതീവ ശ്രദ്ധാലുവായിരുന്ന അദ്ദേഹം സ്നാനം, സന്ധ്യാവന്ദനം, നിത്യപൂജ ഇവയ്ക്കു ശേഷം പരിസരങ്ങളിലുള്ള ക്ഷേത്രങ്ങളിലൊക്കെ ദർശനം നടത്തി ഏഴുമണിക്കാണ് മടങ്ങിയെത്തുക. ശ്രീരാമചന്ദ്രനെപ്പോലെ ആജാനുബാഹുവായി തിരുനെറ്റി നിറയെ ഭസ്മലേപനം ചെയ്ത്, ഒത്ത നടുവിൽ ചന്ദനക്കുറിയും കുങ്കുമപ്പൊട്ടും തൊട്ട് കറുത്ത രക്ഷയും ധരിച്ച് ശുഭ്രവസ്ത്രധാരിയായി അംഗവസ്ത്രവും തോളിലിട്ട് സുസ്മേരവദനനായി മന്ത്രജപത്തോടെയുള്ള അദ്ദേഹത്തിന്റെ പ്രഭാതത്തിലുള്ള ദർശനം തന്നെ ആനന്ദദായകമായിരുന്നു.

ക്ഷേത്രത്തിൽ നിന്ന് മടങ്ങിയെത്തിയാൽ ഏഴര മണിമുതൽ സംഗീതപഠനം ആരംഭിക്കുകയായി. ഓരോരുത്തരായി വരുന്ന ശിഷ്യഗണങ്ങളെ ജാതി-മത-പ്രായഭേദമന്യേ അവരുടെ സംഗീതത്തിലുള്ള ഈടുപാടും അഭിരുചിയും മാത്രം കണക്കിലെടുത്താണ് അഭ്യസിപ്പിച്ചിരുന്നത്. ശിഷ്യർക്ക് സംഗീതത്തോടൊപ്പം നിർലോഭം വാത്സല്യവും വാരിച്ചൊരിഞ്ഞിരുന്ന എൻ.പി.ആർ. സംഗീതം അഭ്യസിപ്പിക്കുന്നതിൽ ഏറെ സന്തോഷം കൊണ്ടിരുന്നു. ലോകത്തെമ്പാടുമുള്ള വലിയ ഒരു ശിഷ്യ സമ്പത്താണ് രാമസ്വാമി സാറിനുള്ളത്. സംഗീതത്തോടു പ്രതിപത്തിയുള്ള ഏതുപ്രായക്കാർക്കും സംഗീതം പകർന്നു നൽകുവാൻ സന്മനസ്സു കാണിച്ചിരുന്ന എൻ.പി. രാമസ്വാമി എന്ന സ്നേഹനിധിയായ ഗുരുനാഥന്റെ ശിഷ്യരിൽ പ്രധാനികൾ ഡോ. ഭുവനേശ്വരി (മഹാരാജാസ് കോളേജ് സംഗീതവിഭാഗം വകുപ്പ് മേധാവിയായി വിരമിച്ചു), ഡോ. പ്രീതി സതീഷ് (കാലടി ശ്രീശങ്കരാ കോളേജ് സംഗീതവകുപ്പ് മേധാവി), ഡോ. സിന്ധു ദിലീപ് (പ്രശസ്ത വയലിൻ വിദ്വാൻ ശ്രീ. നെടുമങ്ങാട് ശിവാനന്ദൻ സാറിന്റെ പുത്രി, വയലിൻ, വായ്പാട്ട് രണ്ടിലും വിദഗ്ദ്ധ, പാലക്കാട് സർക്കാർ സംഗീത കോളേജ് വായ്പാട്ടുവിഭാഗം മേധാവി), കൊച്ചിൻ വിശ്വനാഥൻ, കുൽദീപ് എം.വൈ., സുമനാ. എസ്. പൈ, ബിന്ദു ബി. കമ്മത്ത്, അരൂർ പി.കെ. മനോഹരൻ, വൈറ്റില രമേശൻ, മൃദംഗവിദ്വാൻ ബാലകൃഷ്ണ കമ്മത്ത്, ഗോശ്രീ ഗാനസഭയുടെ ഭാരവാഹി ശിവരാമകൃഷ്ണൻ ഇങ്ങനെ പട്ടിക നീണ്ടുപോകും. അവരിൽ ചിലരുടെയെങ്കിലും അഭിപ്രായം കൂടി ഇതിൽ ഉൾപ്പെടുത്താം.

ഡോക്ടർ ശ്രീമതി ഭുവനേശ്വരി, സാറിന്റെ ശിഷ്യത്വം സ്വീകരിക്കാൻ ഭാഗ്യം കിട്ടിയ പ്രത്യേക സാഹചര്യത്തെക്കുറിച്ചാണ് പറഞ്ഞത്. പത്തുപന്ത്രണ്ടു വർഷങ്ങൾക്ക് മുമ്പ് ഭർത്താവിനോടൊപ്പം നൈമിശാരണ്യത്തിൽ ഒരു സപ്താഹത്തിൽ സംബന്ധിക്കാനുള്ള രണ്ടുദിവസത്തെ യാത്രാവേളയിലാണ് രാമസ്വാമി സാറിനോട് കൂടുതൽ അടുക്കാനും സംഗീതസംബന്ധിയായ ചർച്ചകളിൽ ഏർപ്പെടുവാനും അദ്ദേഹത്തിന്റെ വർണ്ണങ്ങളും കീർത്തനങ്ങളും പഠിക്കുവാനും സാധിച്ചത്. തുടർന്ന് വൃന്ദാവനത്തിൽ വച്ചു നടന്ന സപ്താഹത്തിലും ഒപ്പം യാത്രചെയ്യുവാനും താമസിക്കുവാനും കിട്ടിയ അവസരത്തിലും ധാരാളം രചനകൾ പഠിക്കുവാൻ ഭാഗ്യം ലഭിച്ചു. തുടർന്നും മട്ടാഞ്ചേരിയിലുള്ള വസതിയിലും പോയി പഠിച്ചിരുന്നു. അവസാനമായി രാമസ്വാമിസാർ ജൂലൈ 25-ാം തീയതി കാഞ്ചീപുരത്തെ അത്തിവരദർ ക്ഷേത്രത്തിലെ 41 ദിവസത്തെ സംഗീതോത്സവത്തിൽ സാറിനെ അനുഗമിക്കുവാനും ഒരേ ദിവസം കച്ചേരി ചെയ്യുവാനുമുള്ള അവസരം മഹാഭാഗ്യമായി കരുതുന്നു. എല്ലാവരോടും വളരെ സൗമ്യമായും വാത്സല്യത്തോടും മാത്രം പെരുമാറുന്ന രാമസ്വാമി സാർ ഒരു മഹദ് വ്യക്തിത്വത്തിനുടമായിയുന്നു.

ഡോക്ടർ (ശ്രീമതി) സിന്ധു വർഷങ്ങൾക്കു മുൻപ് അദ്ദേഹത്തിന്റെ വീട്ടിൽ പോയി സംഗീതം അഭ്യസിച്ചിരുന്ന കാര്യം ഓർത്തെടുത്തു. ഏതു സമയത്തായാലും ഏർപ്പാടുചെയ്ത സമയത്ത് വളരെ കൃത്യമായിത്തന്നെ ക്ലാസ്സെടുക്കുവാൻ സാർ തയ്യാറായിരിക്കും. അതിരാവിലെ അഞ്ചുമണിക്ക് ക്ലാസ്സിനു ചെന്നാലും അദ്ദേഹം തയ്യാറായി കാത്തിരിക്കുന്നുണ്ടാവും. ക്ലാസ്സിന്റെ പ്രത്യേകത മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി കീർത്തനങ്ങളിലെ സ്ഥിരമായി നിരവൽ ചെയ്യുന്ന സാഹിത്യഭാഗങ്ങളിൽ നിന്നു മാറ്റി അനുയോജ്യമായ മറ്റൊരു ഭാഗത്തിലായിരിക്കും നിരവൽ പഠിപ്പിക്കുക. മാത്രമല്ല ഏതൊരു കൃതി പഠിപ്പിക്കുമ്പോഴും അതിൽ അദ്ദേഹത്തിന്റെ തനതായ ഒരു വ്യക്തിത്വം കാണാൻ സാധിക്കും.

കൊച്ചി ഗോശ്രീ ഗാനസഭ ശ്രീ. ശിവരാമകൃഷ്ണനു പറയാനുള്ളത് സ്നേഹത്തിന്റെയും കരുണയുടെയും ആൾരൂപമായ തന്റെ ഗുരുനാഥന്റെ ആകർഷകമായ വ്യക്തിത്വത്തെക്കുറിച്ചും, അതിരാവിലെ മൂന്നു മണിക്ക് തുടങ്ങുന്ന നിത്യകർമ്മാനുഷ്ഠാനങ്ങളുടെയും, ക്ഷേത്രദർശനത്തിനു ശേഷം ലഘുഭക്ഷണം കഴിച്ച ശേഷം ഏഴരയ്ക്ക് തുടങ്ങുന്ന ചിട്ടയായ സംഗീത ക്ലാസ്സുകളെക്കുറിച്ചുമാണ്. ശുദ്ധവും ദിവ്യവുമായ സംഗീതധ്വനികൊണ്ട് മുഖരിതമാകുന്ന ഗൃഹാന്തരീക്ഷത്തെക്കുറിച്ചും. ഭാര്യയുടെ മരണശേഷം ബാക്കിസമയം മുഴുവൻ സംഗീത രചനകൾ ചിട്ടപ്പെടുത്തുന്നതിലും ഗ്രന്ഥരചനയിലും ഇടപെടുന്നതിൽ സന്തോഷം കണ്ടെത്തിയിരുന്ന സാർ എല്ലാ സഭാ കച്ചേരികളിലും മറ്റു കച്ചേരികളിലും മുൻപന്തിയിലിരുന്നു കയ്യടിച്ചു പ്രോത്സാഹിപ്പിക്കുന്നതിലും ഒരു വിദ്യാർത്ഥി

ഗീതം ആലപിച്ചാൽപ്പോലും അഭിനന്ദനം ചൊരിയുന്നതിലും ഒരു പിശുക്കും കാണിക്കാത്ത മഹാനായിരുന്നു എന്നതാണ്. സംഗീതത്തോടുള്ള അഭിനിവേശം കൊണ്ടുമാത്രം അഭ്യസിക്കാനെത്തുന്ന താനടക്കമുള്ള ഏതു പ്രായക്കാർക്കും യാതൊരു വൈമനസ്യവും കൂടാതെ അഭ്യസിപ്പിച്ചിരുന്നു. എൺപതു വയസ്സു പ്രായമുള്ള ശിഷ്യർ വരെ അദ്ദേഹത്തിനുണ്ടായിരുന്നു. കൊച്ചിക്കാർ ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന മനുഷ്യസ്നേഹിയായ ആ മഹാനുഭാവന്റെ വിയോഗം നികത്താനാവാത്ത നഷ്ടമാണ്.

ചെന്നൈ സംഗീതകോളേജിൽ നിന്നും വകുപ്പു മേധാവിയായി വിരമിച്ച പ്രസിദ്ധ വയലിൻ വിദ്വാൻ ആർ. സ്വാമിനാഥന്റെ അഭിപ്രായത്തിൽ സംഗീതലോകത്തിൽ എൻ.പി.ആറിന്റെ അസാന്നിദ്ധ്യം ഏറ്റവും അനുഭവപ്പെടാൻ പോകുന്നത് കണ്ണൂരിലെ മക്രേരി ഹനുമാൻ ക്ഷേത്രത്തിൽ വച്ച് ശ്രീ ദക്ഷിണാമൂർത്തി സ്വാമി വർഷങ്ങളോളം നടത്തിക്കൊണ്ടിരുന്ന ഇപ്പോഴും നടന്നുവരുന്ന 'അഖണ്ഡ ത്യാഗരാജ സംഗീതാർച്ചനയജ്ഞ'ത്തിലായിരിക്കും. എന്തുകൊണ്ടെന്നാൽ അവിടെ സ്ഥിരസാന്നിദ്ധ്യമായ രാമസ്വാമി സാർ ത്യാഗരാജകൃതികളുടെ ഒരു നിധിശേഖരമായിരുന്നു.

സാറിനോട് ഏറ്റവും നല്ല അടുപ്പമുണ്ടായിരുന്ന ശിഷ്യനാണ് മൃദംഗവിദ്വാൻ ബാലകൃഷ്ണ കമ്മത്ത്. 1988 മുതൽ നാലഞ്ചു വർഷക്കാലം സാറിനു ശിഷ്യപ്പെടാൻ സിദ്ധിച്ച ഭാഗ്യത്തെപ്പറ്റി ബാലകൃഷ്ണ കമത്ത് ഇങ്ങനെയാണ് അനുസ്മരിക്കുന്നത്. സാറിന് ഏറെ തിരക്കുള്ള സമയമാണെങ്കിൽപ്പോലും കീർത്തനങ്ങൾ പാടിത്തന്ന് എന്നെക്കൊണ്ട് വായിക്കാൻ പറഞ്ഞ് തെറ്റുകുറ്റങ്ങൾ തിരുത്തിത്തരും. എൻ.ജി. ശർമ്മ എന്നൊരു മൃദംഗവിദ്വാന്റെ കീഴിലാണ് ഞാൻ മൃദംഗം അഭ്യസിച്ചത്. ഉപരിപഠനം ചെയ്യണമെന്നും അതിനായി മൃദംഗവിദ്വാൻ പാലക്കാട് മണിഅയ്യരുടെ പുത്രൻ ടി.ആർ. രാജാമണി സാറിനെ വിളിച്ച് ഏർപ്പാടു ചെയ്ത് എന്നെ അദ്ദേഹത്തിന്റെ അടുത്ത് പഠിക്കാനയച്ചതും രാമസ്വാമി സാറാണ്. അദ്ദേഹത്തിന്റെ വർണ്ണങ്ങളും കീർത്തനങ്ങളും സ്റ്റുഡിയോയിൽ പോയി അദ്ദേഹം തന്നെ പാടി ഞാൻ മൃദംഗം വായിച്ചു റെക്കോർഡ് ചെയ്തിട്ടുണ്ട്. കൂടാതെ അദ്ദേഹം പുതിയതായി ചെയ്ത ദ്വിജാതി ത്രിപുട താളത്തിൽ നളിനകാന്തി രാഗത്തിൽ ഒരു പല്ലവി പാടിയത് പാലക്കാട് ഫൈൻ ആർട്സ് സൊസൈറ്റി ഹാളിലായിരുന്നു. അന്ന് മൃദംഗം വായിക്കാനുള്ള ഭാഗ്യം ലഭിച്ചു. സാറിന്റെ വിയോഗം സംഗീതലോകത്തിനു തീരാ നഷ്ടമാണ്.

ഏറെ അംഗീകാരങ്ങളും പുരസ്കാരങ്ങളും സാറിന്റെ സംഗീതലോകത്തെ നിസ്തുല സേവനത്തിനായി സാറിനെ തേടിയെത്തിയിട്ടുണ്ട്. അവയിൽ ചിലത്.

കേരള സംഗീതനാടക അക്കാദമി അവാർഡ്, സംഗീത കലാപ്രവീണ-ചെന്നൈ ചാരുബലാ മോഹൻ ട്രസ്റ്റ്, സംഗീതശ്രേഷ്ഠ, സംഗീത പൂർണ്ണശ്രീ (തൃപ്പൂണിത്തുറ), സംഗീതതിലകം (തൃശ്ശൂർ), സംഗീതരത്ന (പാലക്കാട്), ഗാനനിപുണ (കൊച്ചി), ദക്ഷിണാമൂർത്തി സംഗീതപുരസ്കാരം, നാദചന്ദ്രിക (പാലക്കാട് സ്വാതി സംഗീതസഭ), സംഗീതകുലപതി, ശ്യാമാശാസ്ത്രി സംഗീതരത്ന.


എന്നാൽ മഹാപണ്ഡിതനും, തികഞ്ഞ വാഗ്ഗേയകാരനും ശ്രേഷ്ഠനായ ഗുരുനാഥനുമായിരുന്ന എൻ.പി. രാമസ്വാമി എന്ന മഹാപണ്ഡിതന്റെ മഹത്വം സംഗീതലോകത്ത് വേണ്ടവിധം അറിയപ്പെടുകയോ അർഹതപ്പെട്ട അംഗീകാരങ്ങൾ ലഭിക്കുകയോ ചെയ്യാതെ പോയത് ഒരുപക്ഷേ അദ്ദേഹം കേരളത്തിൽത്തന്നെ ജനിച്ചുവളർന്ന് ജീവിച്ചുമരിച്ച ഒരു സംഗീതജ്ഞനായിരുന്നു എന്ന യാദൃശ്ചികതയാവാം. എങ്കിലും അദ്ദേഹം ഏന്തിയ പാരമ്പര്യത്തിന്റെ ദീപശിഖയുടെ പ്രകാശം ശിഷ്യ പരമ്പരയിലൂടെ എന്നും പ്രകാശിക്കുമെന്നു പ്രത്യാശിക്കാം. ആ നാദർഷിയുടെ സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.

●

# വിശ്വവേദി ആർട്ട് അക്കാദമി ഉദ്ഘാടനം



ചെങ്കോട്ടുകോണം വിശ്വവേദി ആർട്ട് ആക്കാദമിയുടെയും വിശ്വവേദി ഗ്രന്ഥശാലയുടെയും ഉദ്ഘാടനം ചെമ്പഴന്തി ഗുരുകുലം മഠാധിപതി സ്വാമി ശുഭാംഗാനന്ദ, ഡിസ്ട്രിക്ട് ചെയർമാൻ പുതുകുന്ന് സി.എസ്.ഐ. ചർച്ച് വൈ. നടരാജൻ, വേദി പ്രസിഡന്റ് ഡോ. ഷാജി പ്രഭാകരൻ എന്നിവർ ചേർന്ന് ഭദ്രദീപം തെളിച്ച് നിർവ്വഹിച്ചു. അക്കാദമി പ്രിൻസിപ്പാൾ പ്രൊഫ. അയിലം ഉണ്ണികൃഷ്ണൻ, വേദി ജനറൽസെക്രട്ടറി ചെങ്കോട്ടുകോണം സുരേന്ദ്രൻ, ഡോ. ചേപ്പാട് എ.ഇ. കൃഷ്ണൻനമ്പൂതിരി തുടങ്ങിയവർ സമീപം.



**പി.കലേശൻ സംസ്കാര**

# കലാകാരനെ കബളിപ്പിക്കാമോ?

ആരെങ്കിലും ഒരു പരിപാടിക്ക് വിളിക്കണേയെന്ന് പ്രാർത്ഥിച്ചു കഴിഞ്ഞ ഒരു പഴയകാലം എനിക്കുണ്ടായിരുന്നു. അങ്ങനെയൊരു പരിപാടി കിട്ടിയാൽ രണ്ടു പ്രയോജനങ്ങളാണുള്ളത്. ഒന്ന് സ്റ്റേജിൽ തബല വായിക്കാനൊരവസരം. മറ്റൊന്ന് അതിൽ നിന്നുകിട്ടുന്ന പ്രതിഫലം. എന്റെ കൊച്ചു കുടുംബത്തിന് ഒരാശ്രയവും. അതുകൊണ്ട് അന്നെനിക്കുകിട്ടുന്ന അവസരങ്ങൾ ഒന്നും ഞാൻ പാഴാക്കുകയില്ലായിരുന്നു. അങ്ങനെയിരിക്കെ എന്റെയൊരു സുഹൃത്തും മേക്കപ്പ് കലാകാരനുമായ ചെങ്ങന്നൂർ ഭാസി ഒരു ക്ലബ്ബിന്റെ വാർഷികാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന നാടകത്തിന് തബല വായിക്കാൻ എന്നെ വിളിച്ചു. അന്ന് നാടകത്തിന്റെ പാട്ടുകളും, പശ്ചാത്തല സംഗീതവും ഇന്നത്തെപ്പോലെ റിക്കോർഡ് ചെയ്ത് സ്റ്റേജിൽ പ്രവർത്തിപ്പിക്കുന്ന രീതിയല്ലായിരുന്നു. മാത്രവുമല്ല, കീ-ബോർഡ്, റിഥം പാഡ് തുടങ്ങിയ ആധുനിക സംഗീതോപകരണങ്ങളോ ഇല്ലായിരുന്നു. തബല, ഹാർമോണിയം, വയലിൻ എന്നീ ഉപകരണങ്ങൾ ആയിരുന്നു നാടകത്തിന്റെ പിന്നണിയിൽ ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് എന്നെപ്പോലെയുള്ള കലാകാരന്മാർക്ക് വല്ലപ്പോഴുമൊക്കെ അവസരങ്ങൾ കിട്ടുമായിരുന്നു.

ചെങ്ങന്നൂരിൽ നിന്നും ഏകദേശം 12 കിലോമീറ്റർ കിഴക്കുള്ള ഒരു ഗ്രാമത്തിലാണ് പരിപാടി. ഞാൻ ഒരു സ്വകാര്യബസ്സിൽക്കയറി പരിപാടി നടക്കുന്നതിന്റെ അടുത്ത കവലയിലിറങ്ങി. തബലയുമായി നടന്ന് പരിപാടിസ്ഥലത്തെത്തി. ആ പ്രദേശത്ത് വൈകിട്ട് ആറുമണി കഴിഞ്ഞാൽ ബസ്സ് സർവ്വീസ് എങ്ങോട്ടുമില്ല. പിന്നെ നേരം വെളുത്തേ ബസ്സുകിട്ടുകയുള്ളു. ഞാൻ ചെന്നപ്പോൾ ഭാസിയും ക്ലബ്ബിന്റെ ഭാരവാഹികളും എന്നെ പ്രതീക്ഷിച്ചു നിൽപ്പുണ്ടായിരുന്നു. ഞങ്ങൾ പിന്നണിക്കാർ പരസ്പരം എല്ലാവരുമായി പരിചയപ്പെട്ടു. ക്ലബ്ബിന്റെ സെക്രട്ടറി ധൃതിയിൽ വന്ന് ഞങ്ങളോടായി, നാടകത്തിനുമുമ്പായി ക്ലബ്ബിലെ അംഗങ്ങൾ നടത്തുന്ന ഒരു ഗാനമേളയുണ്ട്. അതിന് നിങ്ങൾതന്നെ ഉപകരണങ്ങൾ വായിക്കണം. അതുകൊണ്ട് ചെറിയ റിഹേഴ്സൽ നടത്താം എന്നുപറഞ്ഞുകൊണ്ട് ഞങ്ങളെ ഒരു വീട്ടിലേക്കു കൊണ്ടുപോയി. ഏഴെട്ടുപാട്ടുകാർ വന്നു. അവരിൽ ഭൂരിപക്ഷം പേർക്കും ശ്രുതിയും താളവും എന്തെന്നുപോലും അറിയാത്തവരായിരുന്നു. നാട്ടിൽ നടത്തുന്ന പരിപാടിയായതുകൊണ്ട് വേഷം കെട്ടി ഒന്നു ഷൈൻ ചെയ്യണമെന്ന ആഗ്രഹമേയുള്ളുവെന്ന് ഞങ്ങൾക്കു മനസ്സിലായി. ഒരുവിധം നന്നായി പാടുന്നവർക്ക് അധികം അവസരം കൊടുത്തതുമില്ല.

പൊതുസമ്മേളനം കഴിഞ്ഞ് ഗാനമേള തുടങ്ങി. അക്ഷരാർത്ഥത്തിൽ ആ പരിപാടി തികച്ചും പരാജയമായിരുന്നു. അതിനുശേഷം നാടകം തുടങ്ങി. പഴയകാല നാടകങ്ങൾ എല്ലാംതന്നെ ആറും ഏഴും രംഗങ്ങൾകൊണ്ടേ അവസാനിക്കൂ. ഓരോ രംഗം കഴിയുമ്പോഴും പിന്നണിക്കാർ ഓരോ പാട്ടുപാടണം. അതിനുശേഷമേ അടുത്ത രംഗം തുടങ്ങുകയുള്ളു. ഏകദേശം രാത്രി മൂന്നു മണിയോടുകൂടി നാടകം അവസാനിച്ചു. കാണികൾ എല്ലാവരും പിരിഞ്ഞു. പിന്നണിക്കാരായ ഞങ്ങളും മേക്കപ്പുകാരനായ ഭാസിയും അവശേഷിച്ചു. ക്ലബ്ബിന്റെ ഭാരവാഹികൾ പറഞ്ഞു രാത്രിയിൽ എങ്ങോട്ടുപോകാനും വണ്ടി കിട്ടുകയില്ല. നേരം വെളുത്തിട്ടുപോകാം. അതുകൊണ്ട് നിങ്ങൾ ഈ സ്റ്റേജിൽ കിടന്നുറങ്ങുക. രാവിലെ ഇവിടെയെത്തുന്ന ബസ്സിൽ നിങ്ങളെ യാത്രയാക്കാം എന്നറിയിച്ചിട്ട് മൂന്നു നാല് പായും തലയിണയും കൊണ്ടുത്തന്നു. ഞങ്ങൾ നാലുപേർ മാത്രമേ അവിടെയുള്ളു. കുറച്ചു നേരം സംഘാടകരെ കാത്തിരുന്നു. ആരും തന്നെയെത്തിയില്ല. ഞങ്ങൾക്കു കിട്ടാനുള്ള പ്രതിഫലം ക്ലബ്ബുകാർ തന്നിട്ടുമില്ല. കയ്യിൽ വേറെ പൈസയുമില്ല. അടുത്ത ഒരു ചായക്കട തുറക്കുന്നതുകണ്ട്, ഞങ്ങളിൽ ഒരാൾ അങ്ങോട്ടുപോയി. അതിന്റെ ഉടമസ്ഥനോട് പരിപാടിനടത്തിയ ഭാരവാഹികളുടെ

വീടുചോദിച്ചു. അയാൾ, അതിലൊരാളുടെ വീട് കാണിച്ചുതന്നു. ഞങ്ങൾ സംഗീതോപകരണങ്ങൾ ആ കടയുടെ തിണ്ണയിൽ വെച്ചിട്ട് അയാൾ പറഞ്ഞുതന്ന വീടുതിരക്കി ഒരു കിലോമീറ്ററോളം നടന്ന് കണ്ടുപിടിച്ചു. വീട്ടുകാരെ വിളിച്ചു. വെളുപ്പിന് ചെന്ന് ശല്യപ്പെടുത്തിയതിലുള്ള ദേഷ്യത്തോടുകൂടി വന്ന് കതകുതുറന്നു. ഞങ്ങൾക്കു കിട്ടാനുള്ള പണത്തിന്റെ കാര്യം പറഞ്ഞു. ആ വീട്ടുകാരൻ അദ്ദേഹത്തിന്റെ മകനെ വിളിച്ചുണർത്തിക്കൊണ്ടുവന്നു. പണവുമായി തനിക്കൊരു ബന്ധവുമില്ലെന്നും എല്ലാം സെക്രട്ടറിയാണ് കൈകാര്യം ചെയ്യുന്നതെന്നും അതുകൊണ്ട് അയാളെക്കണ്ട് പണം വാങ്ങിക്കുക എന്നു പറഞ്ഞ് അയാൾ ഉത്തരവാദിത്വത്തിൽ നിന്നും കൈയ്യൊഴിഞ്ഞു. ഞങ്ങൾക്ക് വളരെയധികം വേദനയും നിരാശയും ഉണ്ടായി. അയാൾ സെക്രട്ടറിയുടെ വീട് പറഞ്ഞുതന്നതല്ലാതെ അയാളുടെ വീട്ടിലേക്ക് വരാൻതയ്യാറായില്ല. ആവശ്യക്കാർ ഞങ്ങളല്ലേ അതുകൊണ്ട് ഞങ്ങൾതന്നെ സെക്രട്ടറിയുടെ വീട് കണ്ടുപിടിച്ചു. ഞങ്ങളുടെ ശബ്ദം കേട്ട് ആ വീട്ടിൽ നിന്നും പ്രായം ചെന്ന ഒരു ഭാര്യയും ഭർത്താവും വെളിയിൽ വന്നു. എന്നിട്ട് ഞങ്ങളോടു ചോദിച്ചു ഞങ്ങളുടെ മകനെന്ത്യേ?

ഞങ്ങളും മകനെ തിരക്കിയിറങ്ങിയതാണെന്നും ഞങ്ങൾക്ക് കിട്ടാനുള്ള പണം കിട്ടിയിട്ടില്ലെന്നും, അതുവാങ്ങാൻ വന്നതാണെന്നും ഞങ്ങൾ അവരോടു പറഞ്ഞു. ഞങ്ങളുടെ മറുപടികേട്ടപ്പോൾ അവർ പൊട്ടിക്കരഞ്ഞു. നാടകം കഴിഞ്ഞ് മകൻ വീട്ടിൽ ചെന്നിട്ടില്ലെന്നും അവർ മകനെ കാത്ത് ഉറങ്ങാതെ ഇരിക്കുകയാണെന്നും കരച്ചിലിനിടയിൽ പറഞ്ഞു. ഞങ്ങളും വിഷമത്തിലായി. തിരിച്ച് വീട്ടിലെത്താൻ വണ്ടിക്കൂലിക്ക് ഒരു ദമ്പടി പോലും കൈയിലില്ല. അപ്പോഴേക്കും ഈ ശബ്ദവും കരച്ചിലും കേട്ട് അടുത്തവീട്ടുകാരും എത്തി. ഞങ്ങളുടെ ദുഃഖകരമായ അവസ്ഥയും സെക്രട്ടറിയുടെ തിരോധാനവും സംസാരവിഷയമായി. ഒടുവിൽ നല്ലവരായ രണ്ടുമൂന്നു വീട്ടുകാർ ചേർന്ന് കുറച്ചുപണം കൊണ്ടുവന്ന് ഞങ്ങൾക്കുതന്നു. ആ തുച്ഛമായ പണവുമായി ഞങ്ങൾ അവിടെനിന്നും മടങ്ങി. അതിനുശേഷം എവിടെ പരിപാടിക്കുചെന്നാലും ഇതുപോലെയുള്ള ചതിക്കുഴിയിൽ വീഴാതിരിക്കുന്നതിനുവേണ്ടി പ്രതിഫലത്തിന്റെ കാര്യം ഉറപ്പുവരുത്തുമായിരുന്നു.

പിന്നീടുള്ള അന്വേഷണത്തിൽ സെക്രട്ടറി അന്ന് കൈയിൽ കിട്ടിയ പണവുമായി അതുവഴി നേരെ മുംബെയ് നഗരത്തിൽ എത്തിയെന്നും ഏതോ കമ്പനിയിൽ ജോലി നേടിയെന്നും അറിഞ്ഞു. ●

# ഗുരുവായൂർ വെങ്കിടേശ്വരൻ അനുസ്മരണം



ശ്രീ വെങ്കിടേശ്വരൻ, സംഗീതപാരമ്പര്യമുള്ള കുടുംബത്തിൽ ഹരികേശനല്ലൂർ മുത്തയ്യാ ഭാഗവതർ, ശെമ്മങ്കുടി ശ്രീനിവാസയ്യർ എന്നിവരുടെ ശിഷ്യനായിരുന്ന വിദ്വാൻ കെ.വി. ഗോപാലയ്യരുടെയും അനന്തലക്ഷ്മി അമ്മാളിന്റെയും മകനായി 1957 ൽ കൊല്ലത്ത് ജനിച്ചു. വായ്പാട്ടിലും ഉപകരണ സംഗീതത്തിലും വൈദഗ്ധ്യം പ്രകടമാക്കിയിരുന്ന ഗോപാലയ്യർ സ്വാതിതിരുനാൾ സംഗീത കോളേജിലെ ആദ്യ ബാച്ചിലെ വിദ്യാർത്ഥിയായിരുന്നു. ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെയും ശിഷ്യത്വം സ്വീകരിച്ചിരുന്നു. ശ്രീ വെങ്കിടേശ്വരന്റെ ഗുരു പിതാവ് ഗോപാലയ്യർ തന്നെയായിരുന്നു. പിതാവിനെപ്പോലെ തന്നെ വായ്പാട്ടിലും ഉപകരണ സംഗീതത്തിലും കഴിവു പ്രകടിപ്പിച്ചിരുന്നു. ബി.കോം ബിരുദധാരിയായിരുന്ന വെങ്കിടേശ്വരൻ കൊല്ലത്തു കശുവണ്ടി കമ്പനിയിൽ ഗുമസ്തനായി ജോലി നോക്കിയിരുന്നു. തുടർന്ന് നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ ജോലി ചെയ്തു. വെച്ചൂർ ഹരിഹര സുബ്രഹ്മണ്യയ്യരുടെ കീഴിൽ ഉപരിപഠനം നടത്തിയ വെങ്കിടേശ്വരൻ ഗുരുവായൂരിൽ സ്ഥിരതാമസമാക്കി. ധാരാളം കച്ചേരികൾ ചെയ്തിരുന്ന വെങ്കിടേശ്വരൻ ഒരു വലിയ ശിഷ്യസമ്പത്തിനുടമയായിരുന്നു. മൂത്ത രണ്ടു സഹോദരിമാരും രണ്ടനുജന്മാരും അടങ്ങുന്ന കുടുംബമായിരുന്നു വെങ്കിടേശ്വരന്റേത്. അനുജൻ വൈദ്യനാഥൻ (Late) ആകാശവാണിയിലും മറ്റൊരു അനുജൻ സ്വാമിനാഥൻ പാലക്കാട് സർക്കാർ സംഗീത കോളേജിലും ജോലി ചെയ്തിരുന്നു. ഭാര്യ ഭഗവതിഅമ്മാൾ. മക്കൾ വിഷ്ണു, ജിഷ്ണു. ഗുരുവായൂർ ആർ. വെങ്കിടേശ്വരൻ എന്ന സംഗീതജ്ഞന്റെ സ്മരണയ്ക്ക് മുന്നിൽ പ്രണാമം അർപ്പിക്കുന്നു.

## സംഗീതാമൃതകഥാമാലിക

# തിരുനാവുക്കരശർ (അപ്പർ)

## 2



'കലാശ്രീ' കോട്ടയം വീരമണി

തിരുനാവുക്കരശനായി തിരുവതിയ്ക്കടുത്തുള്ള ശിവാലയങ്ങൾ സന്ദർശിച്ച് ദർശനം നടത്തിയ ശേഷം പെണ്ണാടം (പെണ്ണാകടം) എന്ന പ്രസിദ്ധ ശിവസ്ഥലത്ത് എത്തിച്ചേർന്നു. അവിടെ ശിവദർശനം ചെയ്യുന്ന സമയത്ത്, ഇത്രയും നാൾ തേർന്നിരുന്ന ഈ ഉടലോടുകൂടിത്തന്നെ ജീവിതം നയിക്കുന്നത് ഭാരമേറിയ സംഗതിയാണെന്ന് അദ്ദേഹത്തിന് തോന്നുകയും ആ പാപമെല്ലാം നീക്കിയതിന്റെ ലക്ഷണമായി തന്റെ ദേഹത്തിൽ അടയാളമുദ്ര പതിക്കണമെന്ന് ശിവഭഗവാനോട് ഉള്ളുരുകി പ്രാർത്ഥിച്ചു. മഹാദേവന്റെ കൃപകൊണ്ട് ശിവഗണങ്ങളിൽ ഒരുവൻ പെട്ടെന്ന് മറ്റാരും അറിയാതെ പ്രത്യക്ഷമായി തിരുനാവുക്കരശരുടെ ഇരു തോളിലുമായി ത്രിശൂലമുദ്രയും ഋഷഭമുദ്രയും പതിപ്പിച്ചു. ദേഹശുദ്ധി വന്ന നായനാർ കുറെ നാൾ ശിവനെ ഭജിച്ച് അവിടെ പൂജയിൽ മുഴുകിക്കഴിഞ്ഞ ശേഷം വൃദ്ധാചലത്തിലും തിരുവരത്തുറൈയിലും ശിവക്ഷേത്രങ്ങൾ ദർശിച്ച് നിവാനദിക്കര വഴി യാത്രചെയ്തു. ആ യാത്രയുടെ അവസാനം എത്തിച്ചേർന്നത് ചിദംബരത്തിലായിരുന്നു. അകമഴിഞ്ഞ ഭക്തിയോടെ കനകസഭയിൽ നായനാർ ചിദംബരദർശനം സഫലമാക്കി. ചിദംബരത്ത് നടരാജ മൂർത്തിയെ വണങ്ങി സ്തുതിഗീതങ്ങൾ പാടി വസിക്കുന്ന കാലത്ത് തിരുജ്ഞാന സംബന്ധരെക്കുറിച്ച് കേട്ടറിഞ്ഞ നിമിഷം അദ്ദേഹത്തെ കാണാനായി കലശലായ മോഹമുണ്ടായതിനെത്തുടർന്ന് തിരുനാവുക്കരശർ തിരുനാരയൂർ വഴി ശീർകാഴിയിലെത്തിച്ചേർന്നു.



*ചിദംബരം നടരാജക്ഷേത്രം*

അതേസമയത്തു തന്നെ നാവുക്കരശർ വരുന്ന വിവരമറിഞ്ഞ് സംബന്ധരും അദ്ദേഹത്തെ കാണാനായി യാത്ര പുറപ്പെട്ടു. അങ്ങനെ ഇരുവരും വഴിയിൽ വച്ച് കണ്ടുമുട്ടുന്നതിന് ഇടയായി. രണ്ടുപേരും പരസ്പരം വന്ദനം ചെയ്തു. സംബന്ധർ നാവുക്കരശരെ 'അപ്പരെ' എന്ന് വാത്സല്യപൂർവ്വം സംബോധന ചെയ്തു. സംബന്ധരുടെ മഹിമയറിയുന്ന അരശർ 'അടിയോൻ' എന്ന് അഭിസംബോധന ചെയ്തത് ചുറ്റും കൂടി നിന്ന ഭക്തർക്ക് കൗതുകമായി. അന്നുമുതൽ അരശർക്ക് 'അപ്പർ' എന്ന നാമം പതിഞ്ഞു.

അങ്ങനെ അപ്പരും സംബന്ധരും ചേർന്ന് 'തോണിയപ്പർ' എന്ന് പ്രസിദ്ധിപെറ്റ ശീർകാഴിയപ്പനെ വണങ്ങി. ദിവസങ്ങളോളം സംബന്ധരുമായുള്ള സൗഹൃദം അപ്പർ ആസ്വദിച്ചു. പിന്നീട് നിരവധി തീർത്ഥസ്ഥലങ്ങളും മറ്റും സന്ദർശിച്ച് ശിവസ്തുതിമാലകൾ രചിച്ചു പാടുകയും ശിവാജ്ഞയനുസരിച്ച് തിരനല്ലൂർ എന്ന പ്രശസ്ത ദേവാലയം സന്ദർശിച്ച് സാഷ്ടാംഗ പ്രണാമം ചെയ്തു. അപ്പരുടെ മനസ്സ് ശിവഭക്തിയിൽ മാത്രം മുഴുകി.

തിരുനല്ലൂരിൽ നിന്നും അപ്പർ പോയത് തിങ്കളൂർ എന്ന സ്ഥലത്തേക്കാണ്. കാവേരി തീരത്തുള്ള നഗരമെന്നു മാത്രമല്ല നവഗ്രഹക്ഷേത്രങ്ങളിൽ ചന്ദ്രക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം കൂടിയാണ് തിങ്കളൂർ. ഉത്തമ ശിവഭക്തരിൽ ഒരാളായ അപ്പൂതി അടികർ നായനാർ ജീവിച്ചിരുന്നുവെന്ന ഖ്യാതികൂടി തിങ്കളൂരിനുണ്ട്. തിങ്കളൂരിൽ അപ്പൂതി അടികർ നായനാരെ കണ്ട് അദ്ദേഹത്തെ പാദപൂജ ചെയ്ത് സന്തോഷിപ്പിച്ച ശേഷം അവിടെ നിന്ന് അപ്പർ 'പൂങ്കോയിൽ' എന്ന് പ്രസിദ്ധിപെറ്റ തിരുവാരൂർ ത്യാഗരാജമൂർത്തി ക്ഷേത്രത്തിലെത്തി. 'പുറ്റിടം കൊണ്ട പരമശിവൻ' എന്ന് ഖ്യാതിനേടിയ ത്യാഗരാജനെ (ശിവൻ) വണങ്ങി. അവിടെയുള്ള ഭക്തജനങ്ങളുടെ ആതിഥ്യം സ്വീകരിച്ച ശേഷം 'അരനെറി' എന്ന ക്ഷേത്രത്തിലെ നമിനന്ദയടികർ നായനാരെക്കുറിച്ച് വാഴ്ത്തുകയും ചെയ്ത് അവിടെ നിന്നും തിരുപ്പുകലൂരിൽ എത്തിച്ചേർന്നു. ആ ദേശവാസി



ஸ்ரீ சந்திரன் பகவான்
திங்களூர்.

*തിങ്കളൂർ നവഗ്രഹ ക്ഷേത്രത്തിലെ ചന്ദ്രപ്രതിഷ്ഠ*

കൂടിയായ ശിവഭക്തർ മുരുകനായനാരുടെ മഠത്തിൽ നേരത്തെ എത്തിച്ചേർന്നിരുന്ന തിരുജ്ഞാനസംബന്ധരുമൊത്ത് മറ്റ് ഭക്തജനങ്ങളോടുകൂടി കുറെ നാൾ അവിടെ താമസിച്ചു. അപ്പർ, തിരുജ്ഞാനസംബന്ധർ, മുരുകനായനാർ എന്നിവരോടൊപ്പം പ്രസിദ്ധശിവഭക്തരായ തിരു നീലകണ്ഠനായനാർ, ചിറുത്തൊണ്ടനായനാർ എന്നിവരും ആ സന്ദർഭത്തിൽ അവിടെ എത്തിച്ചേർന്നു. ഈ അഞ്ചു ഉത്തമ ശിവഭക്തരെയും ഒന്നിച്ചു കാണാനുള്ള അപൂർവ്വ സൗഭാഗ്യം ആ ദേശവാസികൾക്കുണ്ടായി.

തിരുപ്പുകലൂരിൽ നിന്നും സംബന്ധരുമൊത്ത് അപ്പർ തിരുക്കടവൂരിലേക്കു യാത്ര ചെയ്തു. അവിടെ കുങ്കുലിയക്കലയ നായനാരുടെ അതിഥിയായി ചെന്ന ശേഷം പ്രസിദ്ധമായ തിരുവിഴിമഴല എന്ന ശിവക്ഷേത്രം സന്ദർശിച്ചു. വലിയ വിമാന നടയോടുകൂടിയ ക്ഷേത്രമാണിത്. രണ്ടുപേരും പൂജകളിലും സ്തുതികളിലുമായി മുഴുകി. ആ ദേശത്ത് വളരെക്കാലമായി മഴ ലഭിക്കാതെ ജനങ്ങൾ കടുത്ത ക്ഷാമത്തിലും ഭക്ഷണം പോലും ഇല്ലാതെ വലയുകയുകയായിരുന്നു. ആ സന്ദർഭത്തിൽ ഒരുനാൾ സംബന്ധിക്കും അപ്പാർക്കും ശിവദർശനമുണ്ടായി. ഈ ദർശന സൗഭാഗ്യത്തെക്കുറിച്ച് സുന്ദരമൂർത്തി നായനാരുടെ കൃതികളിൽ ഇങ്ങനെ വിവരിക്കുന്നുണ്ട്. അവിടുത്തെ ബലിപീഠത്തിൽ കിഴക്കു ഭാഗത്ത് തിരുജ്ഞാന സംബന്ധിക്കും പടിഞ്ഞാറ് അപ്പർക്കുമായി ദിവസേന ഓരോ സ്വർണ്ണ നാണയം (പിടിക്കാശ്) വച്ചിട്ടുണ്ടാകുമെന്ന ഒരു അരുളിപ്പാട് ശിവഭഗവാനിൽ നിന്നുണ്ടായി. അടുത്ത നാൾ മുതൽ അരുളപ്പാടുണ്ടായതുപോലെ ബലിപീഠത്തിന്റെ കിഴക്കും പടിഞ്ഞാറും ഓരോ സ്വർണ്ണ നാണയങ്ങൾ പ്രത്യക്ഷപ്പെട്ടു. രണ്ടുപേരും അതെടുത്ത് ആവശ്യമുള്ള സാധനങ്ങൾ വാങ്ങി ഭക്തന്മാർക്ക് ഭക്ഷണം നൽകി വന്നു. ഈ കാലഘട്ടത്തിനു ശേഷം രണ്ടുപേരും തിരുമറൈക്കാട് എന്നറിയപ്പെടുന്ന വേദാരണ്യത്തിലെത്തിച്ചേർന്നു. അവിടെ ദേവദർശനത്തിനായി രണ്ടുപേരും പുറപ്പെട്ടു. എന്നാൽ ക്ഷേത്രത്തിലെത്തിയപ്പോൾ പ്രധാന കവാടം അടച്ചിരുന്നതായാണ് അവർ കണ്ടത്.

ഇതിന്റെ കാരണം എന്തെന്ന് ദേശ വാസികളോടവർ അന്വേഷിച്ച തിൽ മുമ്പൊരിക്കൽ വേദങ്ങൾ പൂജിച്ചു പോയതിനു ശേഷം കവാടം അടയ്ക്കപ്പെട്ടു. അതിനു ശേഷം അത് തുറപ്പിക്കുവാൻ തക്ക മേന്മയുള്ളവർ ഇല്ലാത്തതി നാൽ അതടഞ്ഞുതന്നെ കിടക്കു ന്നുവെന്ന മറുപടിയാണ് കേൾക്കാൻ കഴിഞ്ഞത്. ഉടൻ തന്നെ സംബന്ധർ തിരുനാവക്കര ചരരോടായി വാതിൽ താഴ് തുറ ക്കുവാൻ തക്കവണ്ണം പതികം പാടുവാൻ നിർദ്ദേശിച്ചു.

സംബന്ധരുടെ അഭിപ്രായം സ്വീകരിച്ച് അവർ പതികം ചൊല്ലു വാൻ തുടങ്ങി. പകുതിയിലേറെ ചൊല്ലീട്ടും ഫലം കണ്ടില്ല. തന്നോട് ദയ തോന്നി വാതിൽ തുറപ്പിക്കണമെന്ന അവസാന ശ്ലോകം ചൊല്ലിയതോടെ സാക്ഷ നീങ്ങി വാതിൽ തനിയെ തുറക്ക പ്പെട്ടു. അപ്പർ അകത്തു കടന്ന ശേഷം ദേവനെ വണങ്ങി. അതിനു ശേഷം വാതിൽ തുറന്നോ അടച്ചോ മാത്രം ഇരി ക്കാൻ വേണ്ടി കവാട ബന്ധന ത്തിനായിക്കൊണ്ട് ഈശ്വര സ്തുതി ചെയ്യുവാൻ വേണ്ടി സംബന്ധരോട് അഭ്യർത്ഥിച്ചു. ആദ്യ ശ്ലോകത്തോടെ തന്നെ അടുഞ്ഞ വാതിൽ പത്തു പതിക ങ്ങളും കഴിഞ്ഞയുടൻ അടയ്ക്കു




വാനും തുറക്കുവാനും സാധ്യത യുള്ള സ്ഥിതിയിലെത്തിച്ചേർന്നു. ഇതെല്ലാം കണ്ട് സാക്ഷികളായ ഭക്തന്മാർ നായനാരുടെ ഭക്തി വൈഭവം കണ്ട് അതിശയപ്പെടു കയും ചെയ്തു. എന്നാൽ അന്ന് രാത്രി അപ്പർക്ക് ഉറങ്ങാൻ കഴി ഞ്ഞില്ല. കതക് തുറക്കുവനായി ഈശ്വരനോട് നില കടന്ന് താൻ ആവശ്യപ്പെട്ടുവോ എന്ന ഒരു കുറ്റബോധം മനസ്സിൽ അങ്കുരിച്ചു. വെണ്ണീരണിഞ്ഞ കോലത്തോടെ തിരുവായ് മൂരിൽ വന്ന് തന്നെ ദർശിക്കുവാൻ ശിവപ്പെരുമാൾ തന്നോട് ആജ്ഞാപിക്കുന്നതായി അപ്പർക്ക് തോന്നി. ഉടൻ തന്നെ അപ്പർ എഴുന്നേറ്റ് യാത്ര പുറപ്പെ ട്ടു. അതേ വേഷത്തിൽ ശിവ പെരുമാൾ തനിക്ക് വഴികാട്ടി യായി എത്ര വേഗത്തിൽ നട ന്നാലും അടുത്തെത്താൻ കഴിയാ ത്തത്ര വേഗത്തിൽ നടന്ന് വായൂ രിനടുത്ത് പൊൻകോവിൽ എന്ന ക്ഷേത്രത്തിൽ പ്രവേശിച്ച ശിവ പ്പെരുമാൾ അപ്രത്യക്ഷനായി. വിവരമറിഞ്ഞ് തിരുജ്ഞാന സംബന്ധരും പൊൻകോവിലിൽ എത്തി. സംബന്ധർക്കുമാത്രം പെരുമാൾ ദൃശ്യനാവുകയും സംബന്ധർ തൊട്ടു കാണിച്ച പ്പോൾ മാത്രം അപ്പർക്കും ഭഗ വാൻ ദൃഷ്ടിഗോചരനാവുകയും ചെയ്തു. തുടർന്ന് രണ്ടുപേരും ചേർന്ന് തിരുവായ്മൂരീശ്വരനെ ദർശിച്ച ശേഷം വേദാരണ്യ ത്തേക്ക് തിരിച്ചു വരികയും ചെയ്തു.


(തുടരും)

# മാധവപ്രിയ പുരസ്കാരം മണ്ണൂർ രാജകുമാരനുണ്ണിക്ക്



പാമ്പാടി ഐവർമഠം മാധവ വാര്യർ സ്മാരക ട്രസ്റ്റിന്റെ പ്രഥമ മാധവപ്രിയ പുരസ്കാരം രാഗ രത്നം മണ്ണൂർ രാജകുമാരനുണ്ണിക്ക് ഗുരുവായൂർ ദേവസ്വം ചെയർമാൻ കെ.ബി. മോഹൻദാസ് നൽകി ആദ രിച്ചു. തിരുവില്വാമല ഐവർമഠം ശ്രീകൃഷ്ണ ക്ഷേത്ര സന്നിധിയിൽ ട്രസ്റ്റ് ചെയർമാൻ ശ്രീ. എം.വി. അശോകന്റെ അധ്യക്ഷതയിൽ കൂടിയ ചടങ്ങ് ഡോ. വി.പി. ഗംഗാ ധരൻ ഉദ്ഘാടനം ചെയ്തു. പതിനാ യിരം രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

# സംഗീതം ജീവിതം



**മാങ്കുളം ജി. കെ. നമ്പൂതിരി**

*'ദ്വേബ്രഹ്മണി ദേവതവ്യോ*
*ശബ്ദ ബ്രഹ്മം പരം ചയത്*
*ശബ്ദ ബ്രഹ്മണി നിഷ്ണാതഃ*
*പരം ബ്രഹ്മാധി ഗച്ഛതി'*

മൈത്രേയാനി ഉപനിഷത്തിൽ സംഗീത മഹിമയെപ്പറ്റിയുള്ള ഒരു പ്രകീർത്തനമാണിത്. രണ്ടു ബ്രഹ്മമുള്ളതായി മനസ്സിലാക്കുക, ശബ്ദ ബ്രഹ്മമെന്നും പരബ്രഹ്മമെന്നും. ശബ്ദ ബ്രഹ്മത്തിൽ മുഴുകിയവൻ പരബ്രഹ്മത്തെയും പ്രാപിക്കും എന്നുസാരം.

ഏഴുസ്വരങ്ങൾ തന്നിന്ദ്രജാലവും എങ്ങുംനിറയുന്നതുമായ സംഗീതത്തിന്റെ മഹത്വം ശ്രവണമാത്രൈകവേദ്യമാണെങ്കിലും അതെപ്പറ്റിയുള്ള ലഘുചിന്ത പോലും ഏറ്റവും ശാന്തിദായകമാണ് എന്നൊരു പ്രത്യേകതയുണ്ട്. പാട്ട് പറയാനുള്ളതല്ലെങ്കിലും പാട്ടിനെപ്പറ്റിയുള്ള പറച്ചിലും ആനന്ദദായകം തന്നെ.

സംഗീതത്തിന്റെ വൈശിഷ്ട്യത്തെപ്പറ്റിയുള്ള വിശ്രുതവചനങ്ങൾ നിരവധിയാണ്. ' ഗാനാത്പരതരംനഹി ' , ' അമരസല്ലാപം' തുടങ്ങിയ വേദവാക്യങ്ങളും ' സംഗീതം ദേവതകളുടെ ഭക്ഷണമാണ്' എന്ന ഷേക്സ്പിയർ വചനവുമൊക്കെ അതിൽ പ്രമുഖങ്ങളത്രേ.

ശിശുർവേത്തിപശുർവേത്തി
വേത്തിഗാനരസംഫണി-

അതായത് ശിശുവും പശുവും പാമ്പും ഗാനരസം അറിയുന്നു എന്ന വചനം സംഗീതം മനുഷ്യനെയും കടന്ന് തിര്യക്കുകളെയും സ്വാധീനിയ്ക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു. ' പാട്ടിലാക്കുക ' എന്ന ശൈലി തന്നെ സംഗീതത്തിന്റെ വശീകരണ ശക്തിയെ വ്യഞ്ജിപ്പിക്കുന്നതാണ്.

രാവണൻ തന്റെ കൈകളിൽ കൈലാസമെടുത്തുയർത്തി അമ്മാനമാടിയപ്പോൾ പരമശിവൻ കാൽവിരൽ അമർത്തി താഴ്ത്തിയതിനാൽ കൊടുമുടിയ്ക്കടിയിൽപ്പെട്ടു ഞെരുങ്ങിക്കിടക്കേണ്ടിവന്ന ദശാനനൻ പാട്ടുപാടി ശിവനെ പ്രസാദിപ്പിച്ച് മോചനം നേടിയ കഥ, സംഗീതം പരസ്വാധീനകവും ക്ലേശദുരന്തങ്ങളിൽ സമാശ്വാസവും രക്ഷോപായകവും ആണ് എന്നു നമ്മെ ബോധ്യപ്പെടുത്തുന്നു.

ജനനം മുതൽ മരണം വരെ മനുഷ്യജീവിതത്തെ ആഴത്തിൽ ബാധിക്കുന്ന സംഗീതത്തിന് അവന്റെ സ്വഭാവ രൂപീകരണത്തിലും വലിയ പങ്കുണ്ട്. സദാതരളമായ മനസ്സിനെ ഇടയ്ക്കിടെ ഒന്നുപിടിച്ചുനിർത്തി സാന്ത്വനിപ്പിക്കാനുള്ള അതിന്റെ കഴിവ് അതുല്യം തന്നെ.

'സങ്കടമേ ജഗം
ചഞ്ചലമേ അകം
സംഗീതമേ സുഖം'
എന്ന പഴമൊഴി ഈ സത്യം വ്യക്തമാക്കുന്നു.

ആദികാവ്യമായ രാമായണത്തിന്റെ ആധാരം തന്നെ ആലാപനമാണ് എന്നുപറയാം. ലവകുശന്മാരുടെ രാമകഥാലാപനം ആ കാവ്യത്തിൽ വരുത്തിയ ഗതിമാറ്റം അത്യന്തം നിർണ്ണായകവും നിയാമകവുമാണല്ലോ. ഇലിയഡ് എന്ന യവനകാവ്യത്തിൽ അപ്പോളോ ദേവനെ വൈദ്യശാസ്ത്രത്തിന്റെയും സംഗീതത്തിന്റെയും അധിഷ്ഠാന ദേവതയായി കല്പിച്ചിരിക്കുന്നതിന്റെ പൊരുളും ഏറെ ചിന്തനീയമാണ്.

പ്രാചീന ഗണിത ശാസ്ത്രവിശാരദനായ പൈതഗോറസ് മറ്റുവിഷയങ്ങൾക്കൊപ്പം സംഗീതവും കുട്ടികളെ കേൾപ്പിച്ച് അവരുടെ ഭയാശങ്കകളെയും ദുഃഖത്തെയും ശമിപ്പിച്ചിരുന്നുവത്രേ. അവരെക്കൊണ്ടു തന്നെ പാടിക്കുന്നതിലും വാദ്യോപകരണങ്ങൾ പ്രയോഗിപ്പിക്കുന്നതിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. കായികതാരങ്ങളുടെ ഉത്തേജക ശക്തി വർദ്ധിപ്പിക്കുന്നതിനും അദ്ദേഹം സംഗീത ശ്രവണം നിർദ്ദേശിച്ചിരുന്നു.

മനുഷ്യശരീരവും ശബ്ദക്രമീകരണങ്ങളും തമ്മിലുള്ള സമ്പർക്കം സുപ്രധാനവും ശാസ്ത്രീയവുമാണ്. സംഗീതതരംഗങ്ങൾ കടന്നുചെല്ലുന്ന മനുഷ്യശരീരം ഏറെ ഗുണപരിവർത്തനങ്ങൾക്കു വിധേയമാകുന്നുണ്ട്. രാഗങ്ങൾക്ക് രോഗശമനം വരുത്താനാവുമെന്ന് ആധുനിക ശാസ്ത്രം തെളിയിക്കുകയും ചെയ്തിട്ടുണ്ടല്ലോ.

ഇങ്ങനെയൊക്കെ അമൂല്യവും അത്യനർഘവുമായ സംഗീതത്തെ ഇന്നു നാം, ജലം, വായു, മണ്ണ് എന്നിവയെപ്പോലെ തന്നെ മലിനമാക്കുന്നതിൽ അത്യുത്സാഹികളായിരിക്കുന്നു എന്നത് ഏറെ ദുഃഖകരമത്രേ. കർണ്ണകഠോരമായവിധം പാശ്ചാത്യ സംഗീതത്തിന്റെ വികലാനുകരണത്തിലൂടെ ശ്രോതാക്കളുടെ ശാന്തി കെടുത്തി ഭ്രാന്തി വളർത്തുന്ന പുതിയ സംഗീത

# സി.സി.ആർ.ടി സ്കോളർഷിപ്പ്
# ആദിത്യദേവിനും ദീക്ഷിതിനും വിജയം

കേന്ദ്ര ഗവൺമെന്റിന്റെ സി.സി.ആർ.ടി. സ്കോളർഷിപ്പിന് വായ്പാട്ടിൽ മാസ്റ്റർ ആദിത്യദേവും വയലിനിൽ വി.ജി. ദീക്ഷിതും അർഹരായി. ഗുരുവായൂർ പുന്നയൂർകുളം മോഹൻ നിവാസിൽ സംഗീതജ്ഞനായ വി. രമേശന്റെയും ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ് സംസ്കൃതം അധ്യാപിക ഇ.കെ. സുധയുടെയും മകനാണ് ആദിത്യദേവ്. സംഗീതത്തിൽ അച്ഛൻ തന്നെയാണ് ഗുരു. ഈ വർഷത്തെ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിലും ആദിത്യദേവ് ശാസ്ത്രീയ സംഗീതത്തിനും സംസ്കൃതം ഗാനാലാപത്തിനും എ ഗ്രേഡ് നേടി.



*മാസ്റ്റർ ആദിത്യദേവ്*



*മാസ്റ്റർ വി.ജി. ദീക്ഷിത്*

ഗോപി നാദലയ - ബീന ദമ്പതികളുടെ പുത്രനായ വി.ജി. ദീക്ഷിത്, കോങ്ങാട് നാദലയ സംഗീത വിദ്യാലയത്തിൽ ശ്രീലജ നമ്പൂതിരിയുടെ ശിക്ഷണത്തിലാണ് വയലിൻ അഭ്യസനം തുടങ്ങിയത്. ഇപ്പോൾ പാലക്കാട് ആർ. സ്വാമിനാഥന്റെ കീഴിൽ പഠനം തുടരുന്നു. ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിലും ദീക്ഷിതിന് വയലിനിൽ എ ഗ്രേഡ് ലഭിച്ചു. കോങ്ങാട് കെ.പി.ആർ.പി. എച്ച്.എസ്.എസ്. ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

ത്തിന്റെ പ്രചാരം ഇവിടെ വർദ്ധിക്കുന്നത് മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും വ്യാപനം പോലെതന്നെ ആപത്കരമാണ്. മന്ദമാരുതനേ മന്ദാരമലരുകൾ വിടർത്താനാകൂ; കൊടുങ്കാറ്റിന് അവയെ തല്ലിക്കൊഴിക്കാനേ കഴിയൂ എന്ന സത്യം ഈ ആധുനിക സംഗീത പ്രയോക്താക്കൾ മറക്കുന്നു.

"പാടിയതെല്ലാം ചൈതന്യാംശമായ്ച്ചമഞ്ഞാലും
തേടിയതല്പം മാത്രം നേടിനാമെന്നേവേണ്ടൂ"

എന്ന് മഹാകവി വൈലോപ്പിള്ളി പാടിയത് ഈ സന്ദർഭത്തിൽ ഏറെ ചിന്തനീയമത്രേ. സംഗീതാസ്വാദനത്തിലും സൃഷ്ടിയിലും നാം ഒരിക്കലും അലംഭാവം പുലർത്തരുത്. കാരണം, അത് ആദ്ധ്യാത്മികതയുടെ ഉത്തമപോഷകവും സംരക്ഷകവുമായ ചൈതന്യമാണ്. അതിന്റെ അഭാവം നമ്മെ കൂടുതൽ അന്ധകാരത്തിലേക്കു വേഗം നയിക്കുകയേ ഉള്ളു. ദീപക്‌രാഗംപാടി അഗ്നിജ്വലിപ്പിക്കുവാനും മേഘമൽഹാർ, അമൃതവർഷിണി തുടങ്ങിയ രാഗങ്ങൾ കൊണ്ട് മഴപെയ്യിക്കുവാനുമൊന്നും നമുക്ക് സാദ്ധ്യമല്ലെങ്കിലും ഒ.എൻ.വി പാടിയതുപോലെ :

'നശ്വരനാദകണങ്ങൾഞങ്ങള -
നശ്വരതേ നിൻ സംഗീതത്തിൻ
നിശ്ചിതമാം സ്വരവിന്യാസത്തിനു'

പൂർണ്ണതചേർത്തമൃതംനുകരുന്നു എന്ന മഹനീയാനുഭൂതിനുകർന്ന് ജീവിതവിശ്രാന്തിപുൽകാം.

'സംഗീതമേജീവിതം
ഒരുമധുരസംഗീതമേ ജീവിതം'

എന്നതാകട്ടെ നമ്മുടെ നിത്യപ്രാർഥനയും ലക്ഷ്യവും അനുഭവവും. ●


**രാഗലയംശ്രുതി**
**കലാ – സാംസ്കാരിക മാസിക**

രാഗലയം ശ്രുതിയിലേക്ക് കലാമൂല്യമുള്ള ലേഖനങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. പ്രസിദ്ധീകരണത്തിന് യോഗ്യമല്ലാത്തവ തിരിച്ചു കിട്ടുന്നതിന് മതിയായ സ്റ്റാമ്പ് ഒട്ടിച്ച കവറും വയ്ക്കുമല്ലോ. താല്പര്യമുള്ളവർ 09447037932 എന്ന നമ്പരിൽ ബന്ധപ്പെടുക - എഡിറ്റർ

# കൽപ്പാത്തി സൂര്യനാരായണൻ
# അകാലത്തിൽ പൊലിഞ്ഞ പുല്ലാങ്കുഴൽ പ്രതിഭ



കേരളത്തിലെ പുരാതന സംഗീതകേന്ദ്രമായ കൽപ്പാത്തിയുടെ സംഗീത സംസ്കൃതി നിലനിർത്തിക്കൊണ്ടു പോന്ന വിരലിലെണ്ണാവുന്ന യുവസംഗീതജ്ഞരിൽ പ്രധാനിയായ പുല്ലാങ്കുഴൽ വിദ്വാൻ സൂര്യനാരായണൻ നവംബർ 22-ാം തീയതി ബാംഗ്ലൂരിലെ ഒരു പരിപാടിക്കുശേഷം വിശ്രമിക്കെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് ആശുപത്രിയിലെത്തിക്കുന്നതിനു മുൻപ് തന്നെ മരണം സംഭവിച്ചു. പാരമ്പര്യം കൈവിടാത്ത ഒരു നല്ല പുല്ലാങ്കുഴൽ വാദകൻ, നൃത്തവേദികളിലെ സ്ഥിരം സാന്നിദ്ധ്യം, സംഗീതനാടകം തുടങ്ങിയ നൃത്ത ഇനങ്ങളുടെ സംഗീതസംവിധായകൻ, നല്ലൊരു പുല്ലാങ്കുഴൽ അധ്യാപകൻ എന്ന നിലയിലെല്ലാം ഉയർച്ചയുടെ പടവുകൾ കയറിക്കൊണ്ട് തിളങ്ങി നിൽക്കെയാണ് ആ ദീപം പൊലിഞ്ഞത്. ഏറെ പ്രതീക്ഷകൾ നൽകിക്കൊണ്ട് വളർന്നുവന്നുകൊണ്ടിരുന്ന പ്രതിഭാശാലിയായ ഒരു പുല്ലാങ്കുഴൽ വാദകനെയാണ് സൂര്യനാരായണന്റെ അകാല വിയോഗം കൊണ്ട് സംഗീത ലോകത്തിന് നഷ്ടമായത്.

കൽപ്പാത്തിയിലെ സംഗീത പാരമ്പര്യമുള്ള കുടുംബത്തിൽ 1969 ലാണ് സൂര്യനാരായണൻ ജനിച്ചത്. പിതാവ് പുല്ലാങ്കുഴൽ വിദ്വാനും ഇന്ത്യൻ റെയിൽവേയിൽ ഉദ്യോഗസ്ഥനുമായിരുന്ന കൃഷ്ണയ്യരിൽ നിന്നും വായ്പാട്ടിലാണ് സൂര്യനാരായണൻ സംഗീതഭ്യസനം തുടങ്ങിയത്. മൃദംഗവാദനത്തിലുള്ള താല്പര്യം മൂലം വിദ്വാൻ ശേഷാമണിയുടെ കീഴിൽ ഏഴുവർഷക്കാലം മൃദംഗം അഭ്യസിച്ചു. 1984 ൽ പഴയകൽപ്പാത്തി ലക്ഷ്മിനാരായണ ക്ഷേത്രത്തിലെ പുല്ലാങ്കുഴലിലെ അരങ്ങേറ്റക്കച്ചേരിക്കു ശേഷം രാജ്യത്തിനകത്തും വിദേശത്തും അനേകം കച്ചേരികൾ അവതരിപ്പിച്ചു. ഡോക്ടർ എൻ. രമണിയുടെ കീഴിൽ ഉപരിപഠനം നടത്തി. അക്കാദമിക് ആയ പഠനം കൂടാതെതന്നെ ഗുരുമുഖത്തു നിന്നും പഠിച്ച പാരമ്പര്യത്തിന്റെ വഴികളെ മുറുകെപ്പിടിച്ചുകൊണ്ട് ഒരു സംഗീതജ്ഞന് മുന്നേറാൻ സാധിക്കുമെന്ന് സൂര്യനാരായണൻ തെളിയിച്ചു. മാലി എന്ന പുല്ലാങ്കുഴൽ വിസ്മയത്തിന്റെ വാദനശേഷി ഏറെ ഇഷ്ടപ്പെട്ടിരുന്ന സൂര്യനാരായണൻ കച്ചേരികൾക്കായും സോദാഹരണ പ്രഭാഷണങ്ങൾക്കായും നൃത്ത പരിപാടികൾക്കായും യു.കെ., നെതൽലൻഡ്, സിംഗപ്പൂർ, മലേഷ്യ, ഫ്രാൻസ്, മക്ക, അമേരിക്ക, റഷ്യ, ഹംഗറി, ചെക്ക് റിപ്പബ്ലിക്, സ്ലോവാക്യ, സ്ലോവേനിയ, പോളണ്ട്, ജർമ്മനി എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ആത്മസമർപ്പണം കൈമുതലായുള്ള സൂര്യനാരായണന് സത്യസായിസേവാസംഘടന 2007 ൽ സത്യസായി സംഗീതരത്ന എന്ന ബഹുമതി നൽകി ആദരിച്ചു. പത്നി കലാ സൂര്യനാരായണൻ. ഏകമകൾ ശ്യാമ പ്ലസ് വൺ വിദ്യാർത്ഥിനി. ആകാശവാണിയിൽ ഗ്രേഡ് ആർട്ടിസ്റ്റാണ്. ഈ സംഗീതപ്രതിഭയുടെ ദീപ്ത സ്മരണയ്ക്കു മുൻപിൽ കണ്ണുനീർ അഞ്ജലി.


**രാഗലയംശ്രുതി**
**കലാ – സാംസ്കാരിക മാസിക**

**വരിസംഖ്യ ഒരുവർഷം (12 ലക്കം) - 200 രു.**

വിലാസം -

**മാനേജിംഗ് എഡിറ്റർ, രാഗലയം ശ്രുതി, ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല, കേരളം – 690507**

വരിസംഖ്യ ഓൺലൈനായി അടയ്ക്കുവാൻ

**A/c No. - 18600100000295**
**Ragalayam Sruthy,**
**Federal Bank, Cheppad Branch**
**IFS Code - FDRL0001860**

എന്ന നമ്പറിൽ പണമടച്ച് ഫോണിൽ വിളിച്ചുപറയുക.

**ഫോൺ നമ്പർ : 09447037932**

# രാഗാമൃതം



തയ്യാറാക്കിയത് : **സുനിൽ ശർമ്മ**

## വരാളി

39-ാമതു മേളകർത്താരാഗം ഝാലവരാളിയുടെ ജന്യമായ വരാളി ഘനപഞ്ചകരാഗങ്ങളിൽ ഒന്നാണ്.

ആരോഹണം : സ ഗ രി ഗ മ പ ധ നി സ
അവരോഹണം : സ നി ധ പ മ ഗാ രി സ

ഷഡ്ജം, ശുദ്ധരിഷഭം, ശുദ്ധഗാന്ധാരം, പ്രതിമധ്യമം, പഞ്ചമം, ശുദ്ധധൈവതം, കാകളി നിഷാദം എന്നിവ സ്വരസ്ഥാനങ്ങൾ. ഇതിലെ ശുദ്ധഗാന്ധാരം വിവാദി സ്വരമായതിനാൽ അതിനെ കമ്പിതഗമകത്തോടെയും 'സഗരിഗമപ' എന്ന പ്രയോഗത്തിലൂടെയും വിവാദിദോഷം ഒഴിവാക്കുന്നു. ഈ രാഗത്തിന്റെ മധ്യമം പ്രതിമധ്യമമാണെങ്കിലും അത് സാധാരണ പ്രതിമധ്യമങ്ങളിൽ നിന്നും അൽപം കൂടി മൂർച്ഛ കൂടിയിരിക്കും. അതിനാൽ 'വരാളിമധ്യമം' എന്ന വിശേഷണവുമുണ്ട്. ഇതൊരു വക്ര-സമ്പൂർണ്ണ രാഗവും ഉപാംഗരാഗവുമാണ്. ഘനപഞ്ചകരാഗങ്ങളിൽ ഒന്നായ വരാളി ഗമകവരികരാഗവും രക്തിരാഗവും മൂർച്ഛനാകാരകരാഗവുമാണ്. ഗ, മ എന്നിവ രാഗഛായാസ്വരങ്ങളായും മേൽപ്പറഞ്ഞതുപോലെ കമ്പിതസ്വരങ്ങളായും ന്യാസസ്വരങ്ങളായും പ്രയോഗിക്കുന്നു. വളരെ വിസ്തരിച്ചു പാടുവാൻ സാദ്ധ്യത നൽകുന്ന വരാളിയെ ഒരു മേജർരാഗമായി കണക്കാക്കുന്നു.

വരാളി രാഗം പഠിപ്പിക്കുന്നത് ഗുരുശിഷ്യബന്ധത്തിന് ദോഷമുളവാക്കുമെന്നും അതിനാൽ രാഗവും ഇതിലെ കൃതികളും സന്ദർഭവശാൽ ഗുരു ആലപിക്കുമ്പോൾ ശിഷ്യർ കേട്ടു പഠിക്കേണ്ടതാണെന്നും ഒരു കീഴ്‌വഴക്കമുള്ളതായി പറയപ്പെടുന്നു. എന്നാൽ മേൽസൂചിപ്പിച്ച ഗമകപ്രാധാന്യത്തോടെയുള്ള സ്വരസഞ്ചാരങ്ങൾ വ്യക്തമായി മനസ്സിലാക്കണമെങ്കിൽ ഗുരുമുഖത്തുനിന്നോ വീണയിൽനിന്നോ കേൾക്കുകതന്നെ വേണമെന്ന വൈരുദ്ധ്യവുമുണ്ട്.

ഈ രാഗത്തിലുള്ള ഏതാനും കൃതികൾ :

| | | |
|---|---|---|
| 1. വനജാക്ഷി (വർണ്ണം) | ചതുരശ്ര അട | രാമനാഥപുരം ശ്രീനിവാസയ്യങ്കാർ |
| 2. കനകനരുചിര | ആദി | ത്യാഗരാജസ്വാമി |
| 3. ഏടിജന്മമിതിഹ ഓ രാമാ | മിശ്രചാപ്പ് | ത്യാഗരാജസ്വാമി |
| 4. കരുണയേലഗണ്ഡേ | ആദി | ത്യാഗരാജസ്വാമി |
| 5. മരഗതമണിവർണ്ണാ രാമാ | ആദി | ത്യാഗരാജസ്വാമി |
| 6. ശേഷാചലനായകം ഭജാമി | രൂപകം | മുത്തുസ്വാമി ദീക്ഷിതർ |
| 7. മാമവ മീനാക്ഷി | മിശ്രചാപ്പ് | മുത്തുസ്വാമി ദീക്ഷിതർ |
| 8. ലംബോദരായ നമസ്തേ | ഖണ്ഡചാപ്പ് | മുത്തുസ്വാമി ദീക്ഷിതർ |
| 9. കാമാക്ഷി ബംഗാരു കാമാക്ഷി | മിശ്രചാപ്പ് | ശ്യാമശാസ്ത്രി |
| 10. കരുണജൂഡവമ്മ | മിശ്രചാപ്പ് | ശ്യാമശാസ്ത്രി |
| 11. മാമവ പത്മനാഭ | മിശ്രചാപ്പ് | സ്വാതിതിരുനാൾ |
| 12. കാ വാ വാ കന്ദാ വാ വാ | ആദി | പാപനാശം ശിവൻ |
| 13. ആഴിമഴൈ കണ്ണാ (തിരുപ്പാവൈ) | ആദി | ആണ്ടാൾ |

ഒരു കൃതി സ്വരച്ചിട്ടയോടെ :

| | | |
|---|---|---|
| കരുണൈപുരിയിത് | മിശ്രചാപ്പ് | നീലകണ്ഠശിവൻ |

*പല്ലവി*

കരുണൈപുരിയിത് തരുണം മീനാക്ഷി നാൻ ഉൻ അടിമൈ
ശരണം ഉനക്കേ ശരണം ജഗദ് സാക്ഷി

*അനുപല്ലവി*

പെരുമൈയൊരു മധുരാപുരി തന്നിലരശപെരും സുന്ദരേശൻ മനോന്മണി
അരുൾ നിറൈന്ത കടാക്ഷ വീക്ഷണി അംബികേ ഉന്നൈ നമ്പിനേനിനി

ചരണം

സ്വർണ്ണപദുമാതട നിവാസിനി കർണ്ണകദംബ കുസുമഭൂഷണി
വർണ്ണമണി മകുടാലങ്കാരിണി എന്നയിൻട്രരുൾ അന്നൈകരിണി
നീലവേണി നിറൈന്ത ഭൂഷണി നിലൈതരും ഉഗ്രപാണ്ഡ്യ ജനനീ
ചീലമിത് പരദേവീ ശുകപാണി നീലകണ്ഠൻ മനോല്ലാസിനി

പല്ലവി

1. || പാപാപാ പാപാ ധാപാ || പാപധപമ ഗാാാ ഗരിാാ ||
ക-രു-ണൈ- പു-രി- യി-ത്- ത-രു-ണം- മീ--- നാ---
|| രിസാാാാ ാാാാ ാാാാ ||
ക്ഷി ---- ---- ----

2. || പാപാപമ മാപധ ധാപമ || പമപധപമ ഗാാാ ഗരിാാ ||
ക-രു-ണൈ- പു-രി- യി-ത്- ത-രു-ണം- മീ--- നാ---
|| രിസാാാാ ാാാാ സാാസ || ഗാാാാാ ഗാമാ പാാാ ||
ക്ഷി ---- ---- നാ--- നു---- ന്ന-ടി- മൈ---

3. || പാപാപമ മാപധനിാ ാ ധാപമ || ഗമനിധപമ ഗാാാ ഗരിാാ ||
ക-രു-ണൈ- പു-രി--- - യി-ത്- ത-രു-ണം- മീ--- നാ---
|| രിസാാാാ ാാാാ ഗഗരിസ || ഗാാാാാ ഗാമാ പാാാ ||
ക്ഷി ---- ---- നാ--- നു---- ന്ന-ടി- മൈ---

4. || പാപാപമ മാപധനിാ ാ ധാപമ || ഗമപധനിസനിധാ പമഗാഗാ ഗരിാാ ||
ക-രു-ണൈ- പു-രി--- - യി-ത്- ത-രു - - - - - ണം--മീ- നാ---
|| രിസാാാാ ാാാാ ഗഗരിസ || ഗാാാാാ ഗാമാ പാാാ ||
ക്ഷി ---- ---- നാ--- നു---- ന്ന-ടി- മൈ---

|| പാധാധാ ധാനിാ സാാാ || ഗാനിധപമ പാപമ ഗാധപമഗാ ||
ശ-ര-ണ- മു- ന- ക്കേ--- ശ- ര- ണം- ജ-ഗദ് സാ - - -
|| ഗാാാാാ ഗാ രിാ സാാാ ||
ക്ഷി---- സാ--- ക്ഷി---

അനുപല്ലവി

1. || ഗാഗാമാ ധാപാ ാാ മാപാ || ധനിസാസാ സനിഗാാ രിാ സാ ||
പെ-രു-മൈ യൊ-രു- --മ-ഥു- രാ- - - പു- രി - - - ത- ന്നി-
|| നിാരിാസാ സാരിാ സാസാ || ധനിസാസനി ധനിസാ സനിധപ ||
ല- ര- ശ- പെ-രും- സു-ന്ദ- രേ-ശൻ- മ- നോ--- ന്മ- ണി-

2. || ഗാഗാമാ ധാപാ ാാ മാപാ || ധനിസരിഗാാരിാ സാാാ രിാ സാ ||
പെ-രു-മൈ യൊ-രു- --മ-ഥു- രാ - - - പു- രി--- ത- ന്നി-
|| നിാരിാസാ സാരിാ സാസാ || ധനിസാസനി ധനിസാരിസസാ രിാസാ
|| ല- ര- ശ- പെ-രും- സു-ന്ദ- രേ-ശൻ-മ- നോ - - - ന്മ-ണി-

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | ‖ ധാധാധാ | ഗാാാ | രിസാരി | ‖ സനിധാപാ | പധനിാ | സാസാ | ‖ |
| | അ-രുൾനി- | റൈ--- | ന്ത--ക | ടാ- - -ക്ഷ- | വീ--- | ക്ഷ-ണി- | |
| 2. | ‖ ധാധാധാ | ഗാാാ | ഗാാ മ | ‖ ഗാാാ രിാ | സാാാ | രിാ രിസസാ | ‖ |
| | അ-രുൾനി- | റൈ--- | ന്ത--ക | ടാ---ക്ഷ- | വീ--- | ക്ഷ-ണി - | |
| | ‖ സാസാസാ | നിധപാധനി | ാാധപപാ | ‖ ഗഗമമധധ | സനിധപ | മഗരിസ | ‖ |
| | അം-ബി-കേ- | -- ഉ - - | --ണൈ- | ന--- മ്പി- | നേ --- | നി- നി- | |

(കരുണൈപുരിയിത്.....)

ചരണം

| | | | | | | | |
|---|---|---|---|---|---|---|---|
| | ‖ പാാാപാ | പാധപ | പമമാാാ | ‖ ഗാഗാരിാ | സരിഗാ | ാാരിസ | ‖ |
| | സ്വ--ർണ്ണ- | പ- ദു- | മാ--- | ത-ട-നി- | വാ--- | --സിനി | |
| | ‖ സാാാഗരി | രിസാ | ാാസാ | ‖ സനിധാഗാ | ഗരിാ | രിസാാ | ‖ |
| | ക--ർണ്ണ- | ക-ദം- | --ബ- | കു- സു-മ- | ഭൂ--- | ഷണി-- | |
| | ‖ സാാാസാ | ഗാഗാ | ഗാഗാ | ‖ പമഗാാരി | സരിഗാ | ാാരിസ | ‖ |
| | വ--ർണ്ണ- | മ-ണി- | മ-കു- | ടാ---- ല | ങ്കാ--- | --രിണി | |
| | ‖ സാാാഗരി | രിസാ | സാസാ | ‖ സനിധാഗാ | ഗാരിാ | സാാാ | ‖ |
| | എ---ന്ന- | യിൻട്ര- | രു-ൾ- | അ---ണൈ | ക-രി- | ണി--- | |
| 1. | ‖ പാാാധാ | പാാാ | പ ാാ ധ | ‖ പമപധപമ | ഗാാാ | രിസാ | ‖ |
| | നീ---ല- | വേ--- | ണി--നി | റൈ---ന്ത- | ഭൂ--- | ഷ-ണി- | |
| | ‖ സസാാാനി | ഗാഗാ | ാാഗഗ | ‖ പാാാാപമ | പാധാ | ധപപാാാ | ‖ |
| | നിലൈ--- | ത-രും- | --ഉഗ്ര | പാ---ണ്ഡ്യ- | ജ-ന- | നീ--- | |
| 2. | ‖ പാാാധാ | പധനിധ | ധപപാാപ | ‖ സാനിധപമഗാാാ | ഗാാാ | രിസാ | ‖ |
| | നീ---ല- | വേ--- | ണി- - നി | റൈ-- ന്ത-- | ഭൂ--- | ഷ-ണി- | |
| | ‖ സസാാാനി | ഗാഗാ | ാാഗഗ | ‖ പാാാാപമ | പാധാ | ധപപാാാ | ‖ |
| | നിലൈ--- | ത-രും- | --ഉഗ്ര | പാ---ണ്ഡ്യ- | ജ-ന- | നീ--- | |
| 1. | ‖ ധാാാധാ | ധാഗാ | --രിസ | ‖ സരിഗസനിധാാാ | പപസാ | ാാസാ | ‖ |
| | ചീ---ല- | മി-ത്- | --പ ര | ദേ--വീ - - - | ശുകപാ- | --ണി- | |
| 2. | ‖ ധാാാധാ | ധാധനിസരിഗാാ | --രിസ | ‖ സരിഗസനിധാാാ | പപസാ | ാാസാ | ‖ |
| | ചീ---ല- | മി-ത് - - - | --പര | ദേ--വീ - - - | ശുകപാ- | --ണി- | |
| | ‖ സനിസരിസനി | ധനിസരി | സനിധപ | ‖ ഗഗമമധധ | സനിധപ | മഗരിസ | ‖ |
| | നീ - - - ല- | ക-ണ്ഠൻ- | - - മ- | നോ ---- | ല്ലാ --- | സി-നി- | |

(കരുണൈപുരിയിത്.....)

# കൂത്തൊഴിയുന്ന കൂത്തമ്പലങ്ങൾ



സുരേഷ് മണ്ണാറശ്ശാല

## 2

ചാക്യാർകൂത്തിന്റെ ആരംഭം നമ്പ്യാരുടെ മിഴാവു വായനയോടെയും നങ്ങ്യാരുടെ കുഴിതാളത്തോടൊപ്പവുമാണ്. കലാകാരൻ രംഗത്തുവന്നാലുടൻ മിഴാവിന്നഭിവാദ്യം ചെയ്ത് വിളക്കിന്നഭിമുഖമായി വന്ന് ചാരി നൃത്തമാരംഭിക്കുന്നു. ഇത് ഭ്രമരി എന്ന നൃത്തത്തോടെ അവസാനിപ്പിക്കുന്നു. പൂണുനൂൽ, കുടുമ, മീശ എന്നിവ ശരിപ്പെടുത്തുകയും മുണ്ട് പിഴിഞ്ഞുടുക്കുകയും വെറ്റില വായിലിട്ട് ചവക്കുന്നതു പോലെ അഭിനയിക്കുകയും ചെയ്യുന്നതോടെ വിദൂഷക സ്നോഭം അവസാനിക്കുന്നു. പിന്നീട് പീഠത്തിൽ വന്നിരുന്ന് ഉത്തരീയം കൊണ്ട് മുഖം മറച്ച് വിളക്കിനു മുന്നിലിരുന്ന് ഇഷ്ടദേവതാ പ്രാർത്ഥന നടത്തുന്നു. പിന്നീട് പീഠിക തുടങ്ങുകയായി തുടർന്ന് സദസ്യരെ ആശിർവദിക്കുന്നു. ഉപക്രമം നടത്തി കഥയിലേക്ക് പ്രവേശിക്കുന്നു. പീഠം വച്ചിട്ട് വിളക്കിനഭിമുഖമായി ഇരിക്കുന്നു. വീണ്ടും ഉത്തരിയാഗ്രം വിടർത്തി കഥാനുസന്ധാനം നടത്തുന്നു. പിന്നീട് കഥയിലേക്ക് പ്രവേശിക്കുന്നു. ശ്ലോകങ്ങളുടെ അർത്ഥവും വിവരണവും വ്യാഖ്യാനവുമെല്ലാം നടത്തുന്നതിൽ ചാക്യാന്മാർക്കുള്ള കഴിവ് വർണ്ണനാതീതമാണ്. രംഗത്തിനനുസരിച്ച് കഥാപാത്രങ്ങളായി മാറാനുള്ള കഴിവിനനുസരിച്ചായിരിക്കും പ്രേക്ഷകർ ആസ്വാദനത്തിന്റെ ആക്കം കൂട്ടുന്നത്. കഥയ്ക്കനുസരിച്ച് ഉപകഥകളൊ സന്ദർഭാനുസൃതം ഹാസ്യരസ പ്രധാനമായ വിവരങ്ങളൊ നല്കി സദസ്സിനെ പിടിച്ചിരുന്നതിനാൽ ചാക്യാരുടെ നിപുണത അനിതര സാധാരണം തന്നെയാണ്. പ്രേക്ഷകരുടെ ഇടയിൽ നിന്നും ഒരാളിനെ ചൂണ്ടിക്കാട്ടി കഥാപാത്രത്തിനനുസൃതമായി സംഭാഷണം നടത്തുന്നതിന് ചാക്യാർ പ്രദർശിപ്പിക്കുന്ന കഴിവ് ആസ്വാദ്യത വർദ്ധിപ്പിക്കുന്നു. ഏതൊരാൾക്കും അസൂയ തോന്നിപ്പിക്കുന്ന തരത്തിലുള്ള വാക് സാമർത്ഥ്യവും മണിക്കുറുകളോളം ഇടതടവില്ലാതെയുള്ള അവതരണവും ചാക്യാന്മാരുടെ അപൂർവ്വമായ സിദ്ധിതന്നെയാണ്. ചാക്യാർകൂത്തിന്റെ ജീവൽ ഫലിത പ്രയോഗം തന്നെയെന്നതിൽ സംശയമില്ല. സദസ്സിലുള്ളവർക്ക് സന്മാർഗോപദേശം നൽകുന്നതിനും ആദ്ധ്യാത്മിക ജ്ഞാനം നൽകുന്നതിനും ഭാഷാപാണ്ഡിത്യം നൽകുന്നതിനും



ആസ്വാദനശേഷി വർദ്ധിപ്പിക്കുന്നതിനും ഇതിനേക്കാൾ നല്ല ഒരു അനുഷ്ഠാനകല മറ്റൊന്നില്ലെന്നും തന്നെ പറയാം. സാംസ്കാരികമായ ഉന്നമനത്തിന് ഊന്നൽ നൽകുന്ന അവതരണത്തിന് ഇന്നും പ്രസക്തിയുണ്ടെങ്കിലും പുതിയ തലമുറ വേണ്ടത്ര ശ്രദ്ധ ചെലുത്തി ഇത് ആസ്വദിക്കുന്നില്ല. മലയാള സംസ്കൃത ഭാഷകളുടെ പഠനത്തിന് ഒട്ടുംതന്നെ താല്പര്യമില്ലാത്തവർക്കും പുരാണ കഥകളിൽ കമ്പമില്ലാത്തവർക്കും ഒട്ടും തന്നെ ഇത് ആസ്വാദ്യകരമായിരിക്കില്ല. ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ അതിപ്രസരം ഇടക്കാലത്ത് ഈ അനുഷ്ഠാന കലയുടെ ആസ്വാദകരെ കുറെയൊക്കെ ഇതിൽ നിന്നും വ്യതിചലിപ്പിച്ചു. കൂത്തമ്പലങ്ങളുടെ കൂട്ടത്തിൽ ഗരിമ പുലർത്തുന്ന ഒന്നാണ് ഹരിപ്പാട് മഹാക്ഷേത്രത്തിൽ സ്ഥിതി ചെയ്യുന്നത്. ഹരിപ്പാട് ക്ഷേത്രത്തിലെ കൂത്തമ്പലത്തിന് നൂറ്റാണ്ടുകളോളം പഴക്കമുണ്ട്. ഇത് അഗ്നിക്കിരയായ ശേഷം പുതുക്കിനിർമ്മിച്ചത് 1769 മാർച്ച് മാസത്തിലാണ്. 2019 ൽ പുതുക്കിയ കൂത്തമ്പലത്തിന് 250 വയസ്സ് തികയുകയാണ്. പതിനഞ്ചരമീറ്റർ നീളവും പതിനൊന്നു മീറ്റർ വീതിയുമുള്ള ഈ കൂത്തമ്പലം ദീർഘചതുരാക്രിതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. ദേവതകൾക്ക് പ്രത്യേക സ്ഥാനം നല്കി ശില്പ ചാതുരിയോടു നിൽക്കുന്ന ഈ കൂത്തമ്പലം ലക്ഷണമൊത്തതാണ്. അപൂർവ്വമായ ശില്പചാതുര്യം ദർശിക്കുന്നതിനായി വിദേശങ്ങളിൽ നിന്നു പോലും അനേകം സന്ദർശകർ എത്താറുണ്ട്. ഇവിടെ കൂത്തും കൂടിയാട്ടവും വിശേഷ ദിനങ്ങളിലൊക്കെ നടത്താറുണ്ട്. നൂറ്റാണ്ടുകളുടെ പഴക്കമുള്ള മിഴാവ് ഈ ക്ഷേത്രത്തിലെ കൂത്തമ്പലത്തിൽ സൂക്ഷിക്കുന്നുണ്ട്. കൂത്തമ്പലത്തിന്റെ രംഗമണ്ഡപത്തിന്റെ മേൽക്കൂട്ടിൽ ശ്രീമദ്ഭാഗവത കഥകൾ ചിത്രീകരിച്ചിരിക്കുന്നു.. തെക്കുപടിഞ്ഞാറ് മൂലയിൽ നിന്നും തുടങ്ങുന്ന ഈ ദാരുശില്പവേലയിലാണ് ശ്രീമദ്ഭാഗവത കഥ നിറഞ്ഞുനിൽക്കുന്നത്



ദശാവതാരം, ശ്രീകൃഷ്ണലീലകൾ കംസനിഗ്രഹം ഇവയൊക്കെ ഇതിലുൾപ്പെടുന്നുണ്ട്. കൂടാതെ കൂത്തമ്പലത്തിന്റെ ഉൾഭാഗത്ത് ഓരോ ദിക്കിലും പ്രത്യേകം പുരാണകഥാസംഗ്രഹങ്ങളടങ്ങുന്ന ശില്പ ചാതുരിയും സന്ദർശകരിൽ വിസ്മയമുണ്ടാക്കുന്നതാണ്. കൂത്തമ്പലത്തിനുള്ളിലെ നാലു കൽത്തൂണുകളിലും ശില്പകലാവൈഭവം നിറഞ്ഞു തുളുമ്പുന്നു. ശില്പവേലയുടെ മനോഹാരിത നിറഞ്ഞു നിൽക്കുന്ന ഈ കൂത്തമ്പലം സന്ദർശകർക്ക് അത്ഭുതമുളവാക്കുന്നതാണ്. കേരള കലാമണ്ഡലത്തിലെ കൂത്തമ്പല നിർമ്മാണ ഘട്ടത്തിൽ മഹാകവി വള്ളത്തോൾ ഇവിടെ വന്ന് ഈ കൂത്തമ്പലത്തേപ്പറ്റി പഠനം നടത്തിയിട്ടുള്ളതായി രേഖകൾ സൂചിപ്പിക്കുന്നു. ഇവിടെ കൂത്ത് അവതരിപ്പിക്കുന്നതിന് അവകാശികളായുള്ളത് കോട്ടയം പൊതിയിൽ ചാക്യാന്മാർക്കാണ്..ഒരു കാലത്ത് സാംസ്കാരികമായ അവബോധം നൽകുന്ന കേന്ദ്രങ്ങളായി കേരള ചരിത്രത്തിൽ പ്രാമുഖ്യമുള്ളവരായിരുന്നു കൂത്തമ്പലങ്ങൾ. ഭാഷാപരമായ നൈപുണ്യം നേടുന്നതിന് ഇവിടെ അവതരിപ്പിച്ചിരുന്ന അനുഷ്ഠാന കലകൾ വളരെയധികം സഹായിച്ചിരുന്നു. ഭക്തിയും ഭാഷാനിപുണതയും സദാചാരബോധവുമൊക്കെ അഭ്യസിച്ചിരുന്ന രംഗമണ്ഡപത്തിൽ അടുത്ത കാലത്ത് മറ്റു പലരീതിയിലുള്ള കലകളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ നടത്തിവരുന്നു. കൂത്തമ്പലങ്ങളുടെ പ്രസക്തി കേരള ജനത വിസ്മരിച്ചിരിക്കുന്ന രീതിയിലാണ് നാമോരോരുത്തരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

കുലത്തൊഴിലുകൾ ചെയ്തിരുന്ന ജനവിഭാഗങ്ങൾ അതുപേക്ഷിച്ച് മറ്റു തൊഴിലുകൾ തേടിപ്പോയതും കൂത്തമ്പലങ്ങളിൽ മങ്ങലേൽപ്പിച്ചു. ക്ഷേത്രങ്ങളോടടുത്തുള്ള കൂത്തമ്പലങ്ങൾ പലപ്പോഴും ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെടുന്നത് മനുഷ്യന്റെ അലസതയേയും അവഗണനയേയുമാണ് സൂചിപ്പിക്കുന്നത്. ഭക്തജനങ്ങൾ തിങ്ങിക്കൂടുന്ന നാലമ്പലവും ശ്രീകോവിൽ പരിസരവും ശുചിയായി സൂക്ഷിക്കുമ്പോൾ കൂത്തമ്പലങ്ങൾ തൂത്തുവാരുകപോലും ചെയ്യാതെ മറ്റു ജീവികളുടെ വിഹാര കേന്ദ്രമായി

മാറ്റുന്നത് ദുഃഖകരമായ കാഴ്ച യാണ്. അടുത്തകാലം വരെ കൂത്തും കൂടിയാട്ടവും കൊണ്ട് ശബ്ദമുഖരിതമായിരുന്ന കൂത്ത മ്പലങ്ങൾ നിശബ്ദതയുടെ മണ്ഡ പങ്ങളായി മാറുന്നത് നാമൊക്കെ ശ്രദ്ധിക്കേണ്ടകാര്യമാണ്. ആധു നിക ദൃശ്യശ്രാവ്യ മാധ്യമങ്ങളിൽ ഭൗതിക സുഖം കൂട്ടുന്ന കലാവി രുതുകൾ ഇടതടവില്ലാതെ നിറയു മ്പോൾ ഈ വർണ്ണക്കാഴ്ചകൾ ക്കിടയിൽ സ്ഥായിയായ മനോ സുഖം നൽകുന്നത് ആത്മീയത യാണെന്നുള്ള തിരിച്ചറിവ് നാം ആർജിക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള കേന്ദ്രങ്ങളായ കൂത്തമ്പലങ്ങളെ പുനരുജ്ജിവിപ്പി ക്കേണ്ടതിന്റെ ചുമതല ഓരോ വ്യ ക്തിക്കുമുണ്ട്. സാംസ്കാരിക പ്രവർത്തകർ വാതോരാതെ മതേ തരത്വത്തിന്റെ വാഗ്മികളായി അഭി നയിക്കുമ്പോൾ അവരുടെയുള ളിൽപ്പോലും ഇത്തരം സ്ഥാപന ങ്ങളെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളൊന്നും മുളപൊട്ടുന്നില്ല യെന്നത് ദുഃഖകരമായ സംഗതി യാണ്. കൂത്തൊഴിയുന്ന കൂത്തമ്പ ലങ്ങളുടെ വിലാപങ്ങൾ അന്തരീ ക്ഷത്തിൽ നിറഞ്ഞു നിൽക്കുന്ന വേളയിലാണ് ഹരിപ്പാട് രംഗധ്വനി കൂടിയാട്ട കലാകേന്ദ്രം രൂപം കൊള്ളുന്നത് 2015 ൽ രൂപീകൃത മായ ഈ ട്രസ്റ്റ് അന്നുമുതൽ ഓരോ ഷഷ്ഠിദിവസവും കൂടി യാട്ടം നടത്തിവരുന്നു. ഓരോ മാസം കഴിയുന്തോറും ഇതിന് പ്രേക്ഷകർ കൂടിവരുന്നത് ശുഭോ ദർഹമായ കാര്യമാണ്. 2018 ചിങ്ങത്തിലെ ആവണി ഉത്സവ ത്തോടനുബന്ധിച്ച് നടത്തിയ ഹരിപ്പാട് ക്ഷേത്രത്തിലെ കൂത്തു ത്സവം വളരെ ശ്രദ്ധേയമായി. രാമായണം പ്രബന്ധം ശ്രീരാമാവ താരം മുതൽ രാവണവധം വരെ യാണ് പത്തു ഖണ്ഡങ്ങളായി അവതരിപ്പിച്ചത്. നിത്യേന ആൾക്കാൾ ഇവിടെ വന്നെത്തി ഇത് ആസ്വദിച്ചു മടങ്ങുന്നതു കണ്ട് ഇതിന്റെ മുഖ്യ സംഘാടക രായ പാഠക വിദ്വാൻ ശ്രീ.പി.പി.ച ന്ദ്രൻമാസ്റ്ററും മകനായ കലാമ ണ്ഡലം ജിഷ്ണുപ്രതാപും തങ്ങ ളുടെ ഉദ്യമം വിജയകരമായതായി പ്രഖ്യാപിക്കുകയും തുടർന്ന് വിപുലമായ പരിപാടികൾ ഇവിടെ കേരള കലാമണ്ഡല ത്തിലെ ഗുരുനാഥൻമാരുടെ സാന്നിധ്യ സഹായ സഹകരണ ങ്ങളോടെ നടത്തുമെന്നും തീരു മാനിച്ചിട്ടുണ്ട്. അവരുടെ പ്രയത്ന ങ്ങൾ സഫലമാകട്ടെ എന്ന് നമുക്ക് ആത്മാർത്ഥമാ.യി പ്രാർത്ഥിക്കാം.

കൂത്തും കൂടിയാട്ടവും കാലയ വനിയ്ക്കുള്ളിൽ മറയാതിരിക്കണ മെങ്കിൽ കൂത്തമ്പലങ്ങൾ സജീവ മാകേണ്ടതുണ്ട്. പുതിയ തലമുറ യുടെ യാന്ത്രികജീവിതത്തിനിട യിൽ ആത്മീയതയുടെയും സഹി ഷ്ണുതയുടെയും സദാചാരമര്യാ ദകളുടെ പാഠങ്ങൾ ലഭ്യമാക്കുന്ന രംഗമണ്ഡപങ്ങളിലേയ്ക്ക് അവരെ കൈപിടിച്ചുയർത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാ ണ്. അതിനു സന്നദ്ധരായി മുന്നോട്ടുവരുന്ന കേരള കലാമ ണ്ഡലത്തെയും അവിടെ നിന്നും പഠിച്ചു പുറത്തുവരുന്ന കലാകാര ന്മാരേയും ഇരുകൈകളും നീട്ടി ആത്മാർത്ഥമായി സ്വീകരിക്കേ ണ്ടതും വർത്തമാനകാലത്തിന്റെ ആവശ്യകതകളിലൊന്നായി മാറി യിരിക്കുന്നു. ●

# ആദരാഞ്ജലികൾ – കൈതവന മാധവദാസ്



പ്രശസ്ത മൃദംഗ-ഗഞ്ചിറ വിദ്വാനായിരുന്ന കൈതവന മാധവദാസ് അന്തരിച്ചു. ആലപ്പുഴയ്ക്കടുത്തുള്ള കൈതവനയിൽ നാദസ്വരം-തവിൽ വിദ്വാനായിരുന്ന കൊച്ചുപിള്ള ജ്യോത്സ്യരുടെയും നാരായണിയമ്മയുടേയും മൂത്തമകനായി 1921 ൽ ജനനം. പിതാവിൽ നിന്നു ലഭിച്ച കലാപാരമ്പര്യം നിലനിർത്താൻ അപ്പാ ദുരൈസ്വാമി, രാമദാസ് എന്നിവരിൽ നിന്നും മൃദംഗത്തിലും ഗഞ്ചിറയിലും പ്രാവീണ്യം നേടി. കേരളത്തിനകത്തും പുറത്തുമായി ഒട്ടേറെ പ്രഗത്ഭരുടെ കച്ചേരികൾക്ക് പക്കമേളം ഒരുക്കി. ആലപ്പുഴ ജവഹർ ബാലഭവൻ, അമ്പലപ്പുഴ പി.കെ. മെമ്മോറിയൽ ഗ്രന്ഥശാല, പഴവീട് ഭാരതി സ്കൂൾ ഓഫ് ആർട്സ് തുടങ്ങിയ സ്ഥാപനങ്ങളിൽ മൃദംഗ അധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം വിപുലമായ ശിഷ്യസമ്പത്തിന് ഉടമയാണ്.

കേരള സംഗീതനാടക അക്കാദമിയുടെ ഗുരുപൂജ, താളശ്രേഷ്ഠം, കൃഷ്ണാഞ്ജലി തുടങ്ങിയ പുരസ്കാരങ്ങളും വിവിധ സംഗീത സഭകളുടെയും സംഘടനകളുടെയും ആദരവുകളും നേടിയിട്ടുണ്ട്. ഇളയ മകൾ ജയലക്ഷ്മിയോടൊപ്പം കൈതവനയിലുള്ള ജയനിവാസിലാണ് താമസിച്ചു വന്നിരുന്നത്. പത്നി പരേതയായ ദേവകിയമ്മ. ഏഴുമക്കളിൽ രഘുനാഥ് വായ്പാട്ടിലൂടെയും രവീന്ദ്രൻ മൃദംഗത്തിലൂടെയും സംഗീതരംഗത്ത് പ്രവർത്തിച്ചുവരുന്നു.




ഡോ. ടി.ആർ. രാഘവൻ

# ഴാങ്പോൾ സാർത്ര്

പത്തൊമ്പതാം നൂറ്റാണ്ട്, ശാസ്ത്രത്തിന്റെ അത്ഭുതപൂർവ്വമായ വികാസ പരിണാമത്തിന് നാന്ദികുറിച്ചു. ഇതോടെയാണ് സാങ്കേതിക വിദ്യാലയധിഷ്ഠിതമായ ഒരു നൂതന നാഗരികത യൂറോപ്പിൽ ശക്തിപൂർവ്വം വേരൂന്നിയത്. മനുഷ്യന്റെ വ്യക്തിത്വത്തിനേറ്റ ആദ്യ പ്രഹരവും ടെക്നോളജിയുടെ വിസ്ഫോടനാത്മകമായ വളർച്ചയോടൊപ്പമായിരുന്നില്ലേ? ഈ നൂതന യന്ത്രനാഗരികതയുടെ മുമ്പിൽ മനുഷ്യബന്ധങ്ങൾ പളുങ്കുപാത്രങ്ങൾ പോലെ പൊട്ടിച്ചിതറി. യന്ത്രത്തിന്റെ ഒരു കട്ടയായി (Cog) മനുഷ്യൻ തരംതാണു. വ്യക്തിയുടെ അതുല്യതയും ആന്തരികതയും അതോടെ നഷ്ടീഭൂതമായി. മനുഷ്യന്റെ ആത്നിഷ്ഠതയ്ക്ക് നേരെ ഉയർന്ന ഈ ഭീഷണിയിൽ നിന്ന് അവനെ രക്ഷിക്കാൻ ക്രിസ്തുമതത്തിന് കഴിഞ്ഞില്ല. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും നിർദ്ദയമായ പ്രഹരം ഈശ്വരസങ്കല്പത്തിന്റെ അടിത്തറ പിടിച്ചുകുലുക്കി. തത്വചിന്തയിലെ മൂല്യനിഷേധിയായ നീഷേ, ദൈവത്തിന് മരണശിക്ഷ നൽകി. 'ദൈവം മരിച്ചു' എന്ന് നീഷേ മുദ്രാവാക്യം മുഴക്കി.

ചിന്തയുടെ കോടതിയിൽ വിചാരണയ്ക്ക് വിധേയനാക്കി ദൈവത്തിന് മരണശിക്ഷ നൽകിയ ഫെഡറിക് നീഷേയുടെ പിൻതുടർച്ചക്കാരനായിരുന്നു സാർത്ര്. 'ദൈവം മരിച്ചു. തന്മൂലം എന്തും അനുവദനീയമാണ്' എന്ന ദെസ്തയേവ്സ്കിയുടെ ഐവാന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് സാർത്ര് തന്റെ തത്വചിന്ത സമാരംഭിക്കുന്നത്. അദ്ദേഹം എഴുതി: 'ദൈവം തന്നോടുതന്നെ സംസാരിച്ചിരുന്നു, എന്നാൽ ഇപ്പോൾ അവിടുന്ന് നിശ്ശ്ബ്ദനാണ്. നാമിപ്പോൾ സ്പർശിക്കുന്നത് അവിടുത്തെ മൃതശരീരം മാത്രം'. മഞ്ചത്തിൽ കിടക്കുന്ന ദൈവം മരിച്ചവൻ തന്നെയോ എന്ന് പരിശോധിക്കാൻ പോലും സാർത്ര് കൂട്ടാക്കിയില്ല. ദൈവാസ്തിക്യ സ്ഥാപനങ്ങളുടെ നേരെ നിർദ്ദയം സാർത്ര്പോരാടി. 'മനുഷ്യ പുരോഗതിക്കും സംസ്കാരത്തിന്റെ വളർച്ചയ്ക്കും ദൈവം ഉണ്ടാകാൻ പാടില്ല. ദൈവവും, ദൈവത്തെ ആശ്രയിച്ചു നിൽക്കുന്ന ജീവിത വീക്ഷണവും മൂല്യസംഹിതയും നശിപ്പിച്ചെങ്കിൽ മാത്രമേ മനുഷ്യാസ്ഥിത്വവും സ്വാതന്ത്ര്യവും നിലനിറുത്തു




വാൻ പറ്റുകയുള്ളു.' സാർത്രിന്റെ തത്വചിന്തയ്ക്കാധാരവും ഈ വിചാരധാരയായിരുന്നു.

ദൈവത്തിന് അന്ത്യകൂദാശ ചൊല്ലിയ സാർത്രിന് പിന്നീട് പറയാനുള്ളത് മനുഷ്യനെക്കുറിച്ചായിരുന്നു. സ്വയം സൃഷ്ടിക്കാത്ത അപരാധങ്ങളുടെ തടവറയിൽ ക്ഷുഭിതനും ഭയങ്കരനുമായ മനുഷ്യനെ സാർത്ര് കണ്ടെത്തി. എല്ലാം നഷ്ടപ്പെട്ട് അവസാനത്തെ അഭയസങ്കേതവും തേടി മനുഷ്യൻ അവനിലേക്കുതന്നെ തിരിച്ചെത്തിയിരിക്കുന്നു.

ഈ മനുഷ്യനാണ് പുതിയ അസ്തിത്വത്തിന്റെ ആണിക്കല്ല്. പ്രൊട്ടസ്റ്റന്റ് മതപണ്ഡിതനും ഡാനിഷ് തത്വചിന്തകനുമായ സോറെൻ കിയർക്ക്, ഗാർഡ്, മാർട്ടിൻ ഹെയ്ഡെഗ്ഗർ, നിക്കോളായി ബെർദിയേവ് എന്നീ മൂല്യനിഷേധികളുടെ സംഭാവനകൾ സാർത്രിന്റെ തത്വശാസ്ത്രങ്ങൾക്ക് വീര്യം പകർന്നു. അസ്തിത്വവാദമെന്ന (Existentialism) ചിന്താഗതിയുടെ ശക്തനായ പ്രവക്താവെന്ന നിലയിൽ ഴാങ്പോൾ സാർത്രിന് മനുഷ്യജീവിയെക്കുറിച്ച് നല്ലതൊന്നും പറയാനില്ല. മനുഷ്യനന്യോന്യം കടിച്ചുകീറുന്ന ചെന്നായ്ക്കളാണെന്ന തോമസ് ഹോബ്സിന്റെ നിഗമനം അനുസ്മരിക്കുവാൻ പോന്നതാണ് സാർത്രിന്റെ കാഴ്ചപ്പാട്. മാനുഷികമായ നന്മയെന്നത് ഏറ്റവും വലിയ കെട്ടുകഥയാണ്. ജീവികൾക്ക് അന്യോന്യമുള്ള ബന്ധത്തിന്റെ കാതൽ ഒരുമയല്ല. സംഘർഷമാണ്. (Being and Nothingness) മനുഷ്യന്റെ വലിയ ശത്രു അവൻതന്നെയാണ്. അവന്റെ ഉന്നം അവനെ നശിപ്പിക്കാൻ തന്നെയാണ്. അല്ലാതെ വന്യമൃഗങ്ങളോ വിഷാണുക്കളോ, മനുഷ്യന് വിപൽക്കാരികളാകുന്നില്ല. വൈരുദ്ധ്യത്മക ഭൗതികവാദവിമർശനം (Critique of Dialectical Reasoning) എന്ന കൃതിയിലും സാമൂഹ്യ ബന്ധങ്ങളുടെ വിശകലനത്തിലൂടെ സാർത്ര് എത്തിച്ചേരുന്നത് ഇതേ ആശയബിന്ദുവിൽത്തന്നെയാണ്.

മനുഷ്യൻ മിഥ്യയാണെന്നും, മനുഷ്യസത്തയുടെ കാതൽ ശൂന്യതയാണെന്നും, മനുഷ്യാസ്തിത്വം നിരർത്ഥകമായ ഒരു പദ്ധതിയായി, വിഫലമായ ഒരു വികാരമായി അവശേഷിക്കുന്നു എന്ന സത്യം സന്തോഷത്തോടെ ആവിഷ്കരിക്കലാണ് തന്റെ ജീവിതദൗത്യം എന്നും സാർത്ര് ആത്മകഥയിൽ - World- ൽ അനുസ്മരിപ്പിക്കുന്നു.

എന്തുവിലകൊടുത്തും മനുഷ്യസ്വാതന്ത്ര്യം സ്ഥാപിച്ചെടുക്കു





വാൻ തീരുമാനമെടുത്ത സാർത്ര് സ്വാതന്ത്ര്യത്തിന്റെ പേരിലും മൂല്യനിഷേധം തന്റെ മുദ്രാവാക്യമായി ഉയർത്തിക്കാട്ടുന്നു. ദൈവമുണ്ടെങ്കിൽ മനുഷ്യസ്വാതന്ത്ര്യത്തിന് നിലനില്പുണ്ടാവില്ലെന്ന് അദ്ദേഹം തറപ്പിച്ചു പറയുന്നു. മനുഷ്യന്റെ അന്ത്യത്തേയും അവൻ സ്വീകരിക്കേണ്ട മൂല്യങ്ങളേയും മറ്റൊരാൾ നിശ്ചയിച്ചു കഴിഞ്ഞാൽ സ്വാതന്ത്ര്യത്തിന് എന്തു സ്ഥാനം? മനുഷ്യനെന്നും സ്വതന്ത്രനാണ്. ലോകത്തിൽ ഉദയം കുറിച്ച നാളുതൊട്ട് എല്ലാ പ്രവർത്തികൾക്കും ഉത്തരവാദി അവൻ തന്നെ. മനുഷ്യന്റെ ഭാവി മനുഷ്യനാകുന്നു. സ്വർഗ്ഗത്തിൽ ഭാവി കുറിച്ചുവച്ചിട്ടില്ല. മനുഷ്യന്റെ നിയന്ത്രണം അവനിൽ തന്നെയാണ്. അവന്റെ ഭാവിയെ അവൻ രൂപപ്പെടുത്തുന്നു. സകല ഉത്തരവാദിത്വവും അവന് വഹിക്കേണ്ടതുണ്ട്. സകല തീരുമാനങ്ങളും അവന് തന്നെ എടുക്കേണ്ടതുണ്ട്. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സാർത്രിന്റെ കാഴ്ചപ്പാടിന്റെ അതിപ്രസരം ഈ വാക്കുകളിൽ ഒളിവീശുന്നു.

ഫ്രഞ്ചു സാഹിത്യവേദിയിലെ വിവാദപുരുഷനായ സാർത്രിന്റെ കഥ, നോവൽ, നാടകം തുടങ്ങിയ കലസൃഷ്ടികളിലെ കഥാപാത്രങ്ങൾ വിചിത്ര പ്രകൃതിയുടെ ഉടമകളായിരുന്നു. അവരിൽ ആത്മഹത്യ ചെയ്യുന്നവരും ആത്മക്ഷത മേൽപ്പിക്കുന്നവരും, അന്യനെ ഹിംസിക്കുന്നതിൽ സുഖം കണ്ടെത്തുന്നവരും വിരളമല്ല. ചിലർ സ്വലിംഗഭോഗി (Homosexual) കളും ഭ്രാതൃഗാമി (Insestuous) കളുമത്രേ. ഭ്രാന്തരും അവരുടെ ലോകത്തിൽ ജീവിതം ഇഷ്ടപ്പെടുന്ന ഭ്രാന്തില്ലാത്തവരുമുണ്ട്. ആകപ്പാടെ ഈ ലോകം ഇരുളടഞ്ഞതാണ്. ഒരു ലോകം അവർ നമ്മുടെ മുമ്പിൽ കാഴ്ചവയ്ക്കുന്നു.

ദൈവനിഷേധത്തിലൂടെ മാനുഷികമൂല്യങ്ങളെ സധൈര്യം ചോദ്യം ചെയ്യുന്ന 'ഈച്ച'കളാണ് സാർത്രിന്റെ ആദ്യത്തെ സൃഷ്ടി. ഈ നാടകത്തിലെ ഹീറോ (Orestes) സാർത്ര് തന്നെയാണ്. സർവ്വവിധ അടിമത്തങ്ങളിൽ നിന്നും വിശ്വാസങ്ങളിൽ നിന്നും ഒറസ്തെ വിമുക്തനാണ്. 'നിങ്ങൾ ദൈവങ്ങളുടെ രാജാവാണ്, ശിലകളുടേയും നക്ഷത്രങ്ങളുടെയും സമുദ്രങ്ങളുടെയും രാജാവാണ്. എന്നാൽ മനുഷ്യരുടെയല്ല'. എന്ന് ദേവനായകന്റെ മുഖത്തുനോക്കി അയാൾ പ്രഖ്യാപിക്കുന്നു. 'നീ എന്റെ സൃഷ്ടിയല്ലേ' എന്ന ജൂപ്പിറ്ററിന്റെ ചോദ്യത്തിന് ദൈവം സൃഷ്ടിച്ചത് സ്വതന്ത്രനായ മനുഷ്യനെയാണെന്നും, സൃഷ്ടിക്കു ശേഷം അവൻ ദൈവത്തിന്റെയല്ലാതായെന്നുമാണ് ഒറെസ്തസ്സിന്റെ മറുപടി. 'നീ ദൈവം, ഞാൻ മനുഷ്യൻ. നിന്നെപ്പോലെ ഞാനും ഏകൻ. എന്റെ വ്യസനം തന്നെയാണ് നിനക്കുമുള്ളത്'.

സ്വാതന്ത്ര്യം സംരക്ഷിക്കാൻ വേണ്ടി തന്റെ മാതാവിനെയും അവളുടെ കാമുകനെയും വധിച്ചു. സകല ബന്ധങ്ങളും വിച്ഛേദിച്ച ആ മനുഷ്യനോട് മറ്റൊരു കഥാപാത്രം പറയുന്നു. "ഒരുവിന്റെ ആത്മാവിൽ സ്വാതന്ത്ര്യം നിറഞ്ഞു കഴിഞ്ഞാൽ ദൈവങ്ങൾക്ക് അവനെതിരായി ഒന്നും ചെയ്യാൻ കഴിവില്ല".

Nausea എന്ന നോവലിലെ ഹീറോയാണ് റോക്വന്റൻ (Roqventin) അയാൾ ഏകനാണ്. അയാൾക്ക് ഉറ്റവരോ ഉടയവരോ ഇല്ല. അയാൾ ഹോട്ടലിൽ ഉണ്ണുന്നു, ഉറങ്ങുന്നു. അർത്ഥരഹിതമായ സത്തകളെക്കൊണ്ട് ലോകം മുഴുവൻ നിറഞ്ഞു നിൽക്കുന്നത് കണ്ടിട്ട് അയാൾക്ക് മനംപിരട്ട് തോന്നുന്നു. പക്ഷികൾ, വൃക്ഷങ്ങൾ, മരം, മണ്ണ് ഇവയെല്ലാം അർത്ഥശൂന്യമായ അസ്തിത്വങ്ങളാണ്. അസ്തിത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോഴുണ്ടാകുന്ന ഈ വെറുപ്പിനും, മനംപുരട്ടലിനും ഒരറുതി വരുത്തുവാൻ വേണ്ടി റോക്വെന്റൻ ആത്മഹത്യയ്ക്ക് പ്ലാനിടുന്നു. എന്നാൽ ആത്മഹത്യയും അസ്തിത്വത്തിൽ നിന്നും തനിക്ക് മോചനം നൽകുന്നില്ലെന്ന ചിന്ത അടുത്ത ക്ഷണത്തിൽ അയാളെ കീഴ്പ്പെടുത്തുന്നു. താൻ മരിച്ചു കഴിഞ്ഞാൽ മറ്റുള്ളവരുടെ മനസ്സിലും, തന്നെ ആഹരിക്കുന്ന പുഴുക്കളിലും താൻ ജീവിക്കും. ആയിരിക്കുക എന്ന വേദനയിൽ നിന്ന് രക്ഷപെടുക അസാദ്ധ്യമാണ്.



സ്വാതന്ത്ര്യത്തിലേക്കുള്ള പാതകൾ (Roads ot Liberty) എന്ന നോവൽ പരമ്പരയിലെ ഓരോ കഥാപാത്രവും സ്വന്തം സ്വാതന്ത്ര്യം കണ്ടെത്താൻ അസാമാന്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. സ്വാതന്ത്ര്യത്തിലേക്ക് കുതിക്കുന്നു എന്ന് നടിക്കുന്നു. യഥാർത്ഥത്തിൽ ലക്ഷ്യത്തിൽ നിന്നകന്നു പോകുകയും ചെയ്യുന്ന മാത്യുവാണ് ഈ പരമ്പരയിലെ പ്രധാന കഥാപാത്രം. താൻ നിമിത്തം ഗർഭിണിയായ വേലക്കാരിയായ മാർസേലിനെ വിവാഹം ചെയ്യുകയില്ലെന്ന് മാത്യു തീരുമാനിക്കുന്നു. അവളെ സലിംഗഭോഗിയായ ഡാനിയേൽ വേൾക്കുന്നു. സ്വാതന്ത്ര്യത്തെ തേടിയുള്ള മാത്യുവിന്റെ പ്രയാണം യുദ്ധമുന്നണിയിൽ അയാളെ കൊണ്ടെത്തിച്ചു. അയാൾ തോക്കെടുത്ത് നിറയൊഴിച്ചു. ഉണ്ടകൾ ചിതറിപ്പൊരിഞ്ഞപ്പോൾ അയാൾക്ക് വലിയ സംതൃപ്തി തോന്നി. രക്താഭിഷിക്തനായ അയാൾ തുരുതുരെ നിറയൊഴിച്ചു. അത് വൻതോതിലുള്ള പ്രതികാരമായിത്തീരുന്നു. താൻ ഉപേക്ഷിച്ച മാർസേലിനുവേണ്ടി ചുംബിക്കാത്ത ഈഡിത്തിനു വേണ്ടി കബളിപ്പിച്ച ലോളയ്ക്കു വേണ്ടി, എഴുതാത്ത പുസ്തകങ്ങൾക്കും നടത്താത്ത യാത്രകൾക്കും വേണ്ടി അയാൾ നിറയൊഴിച്ചു. വിശുദ്ധപ്രമാണങ്ങൾ അയാൾക്കു ചുറ്റും തകർന്നു ചിതറി. സഹജീവികൾക്കുമേൽ തീ ചൊരിഞ്ഞു. അപ്പോൾ സ്വാതന്ത്ര്യം ഭീകരമാണെന്നയാൾക്ക് തോന്നി. അയാളുടെ സ്വാതന്ത്ര്യം സ്വാതന്ത്ര്യത്തിന്റെ നിഷേധമാണ്.

ഇത്രയും വിലകൊടുത്ത് സംരക്ഷിക്കുന്ന സ്വാതന്ത്ര്യം ആർക്കുവേണ്ടി? സാർത്രിന് ഉത്തരമില്ല. നിരർത്ഥകമെങ്കിലും സ്വാതന്ത്ര്യത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നവനെ ഭീരുവെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു.

ദൈവത്തിന് ശവപ്പെട്ടി പണിത സാർത്ര് മൂല്യങ്ങൾക്കും ആ പെട്ടിയിൽത്തന്നെ സ്ഥലം ഒരുക്കി. വിവാദപുരുഷനായിരുന്നു സാർത്ര്, തന്റെ അത്ഭുതസൃഷ്ടികളിലൂടെ മനുഷ്യരുടെ ഇരുണ്ട ലോകമായിരുന്നു സാർത്ര് നമുക്ക് ചൂണ്ടിക്കാണിച്ചുതന്നത്. പ്രകാശമധുരമായ മൂല്യങ്ങൾ തേടിപ്പിടിക്കുവാൻ മനുഷ്യനിനിയും ബഹുദൂരം നടന്നെത്തേണ്ടതുണ്ടെന്ന് ഈ നിഷേധി ലോകത്തോട് വിളിച്ചു പറഞ്ഞു. ഇന്നാ ശബ്ദം നിലച്ചു കഴിഞ്ഞു. എങ്കിലും വിശ്രമം കണ്ടെത്താൻ സാർത്രിന്റെ ചിന്തകൾ എത്രയോ അഗ്നിപർവ്വതങ്ങൾക്കാണ് ചിറകുകൾ നൽകിയത്. ●






ഹരിപ്പാട് രവിപ്രസാദ്

# "അരങ്ങിനു പിന്നിലെ കലാകാരന്മാർ"

നാടകാവതരണത്തിന്റെ തുടക്കത്തിലോ ഇടവേളയിലോ, അരങ്ങിലും അണിയറയിലും പ്രവർത്തിച്ച കലാകാരന്മാരെ പരിചയപ്പെടുത്തുന്ന ഒരു പതിവുണ്ട്.

കാണികൾ കഥാപാത്രങ്ങൾക്കു ജീവൻ നൽകുന്ന നടീനടന്മാരുടെ പ്രകടനത്തിന് കരഘോഷമുയർത്തുന്നു. നാടകാന്ത്യം നടീനടന്മാരെ പ്രശംസിച്ചുകൊണ്ട് ഗ്രീൻ റൂമിൽ കടന്നു ചെല്ലുന്നു. ചിലർ നാടകം കണ്ടിട്ടു പോകുമ്പോൾ നടന്റെ കഴിവിനെ സഹപ്രേക്ഷകരുമായി സംസാരിച്ചു പുകഴ്ത്തുന്നു. എന്നാൽ ആരുടെയും വ്യക്തിപ്രശസയേറ്റുവാങ്ങാത്ത കുറെ കലാകാരന്മാരുണ്ട്. അണിയറശില്പികൾ. അവരാരും പ്രേക്ഷകന്റെ അഭിനന്ദനങ്ങളേറ്റുവാങ്ങുന്നില്ലെങ്കിലും നാടകത്തിന്റെ അവതരണ മികവിന്റെ അവകാശം അവർക്കുമുള്ളതാണ്.

രചയിതാവിനെയും സംവിധായകനെയും പ്രേക്ഷകർ അറിയുന്നെങ്കിലും പിന്നിൽ മനസ്സുകൊണ്ടും ശരീരംകൊണ്ടും കഷ്ടപ്പെടുന്ന കുറെ കലാകാരന്മാരുണ്ട്. അവരുടെ കർമ്മത്തെ പരിചയപ്പെടുത്തുന്നതിനാണ് ദീർഘകാലം പ്രൊഫഷണൽ നാടക നടനായി പ്രവർത്തിച്ച ഞാൻ ഈ ലക്കം പ്രയോജനപ്പെടുത്തുന്നത്.

നാടകമവതരിപ്പിക്കുവാനായി നാടകസംഘവാഹനം ഉത്സവപ്പറമ്പിലേക്കെത്തുന്നു. സ്റ്റേജിനു മുൻപിൽ നിർത്തിയ വാഹനത്തിന്റെ മുകളിലേക്ക് വലിഞ്ഞുകയറുന്ന, രംഗമൊരുക്കുന്നവർ ടാർപ്പായഴിച്ച് വളരെ ശ്രദ്ധയോടെ, അടുക്കിവച്ചിരിക്കുന്ന



രംഗപട തട്ടികൾക്ക് ഒരു പോറലുപോലുമേൽക്കാതെ ചുമന്നിറക്കുന്നു. സംഘാടകർ നൽകുന്ന കയറും മുളയുമായി സ്റ്റേജിന്റെ മുകൾതട്ടിൽ കെട്ടിയിറങ്ങി രംഗമാവശ്യപ്പെടുന്ന തട്ടികളും ഫ്രെയിമുകളും കർട്ടനുകളും കെട്ടി കൃത്യമായ രീതിയിലൊരുക്കിക്കഴി



യുമ്പോൾ ഏകദേശം മൂന്നു മണിക്കൂർ വരെയുള്ള അധ്വാനമുണ്ട്.

നാടകമാരംഭിക്കുമ്പോൾ തിരശീല ഉയർത്തുന്നതു തുടങ്ങി നാടകാന്ത്യം തിരശ്ശീല താഴ്ത്തുംവരെയുള്ള ജോലി അവരുടെ സ്വകാര്യമാണ്. ഇടയ്ക്കുള്ള രംഗമാറ്റങ്ങളും പ്രോപ്പർട്ടീസ് ക്രമീകരണങ്ങളും നടീനടന്മാരുടെ ഗാൻഡ് പ്രോപ്പർട്ടികൾ നൽകേണ്ട ഉത്തരവാദിത്വവും ഈ കലാകാരന്മാരുടെ ചുമതലയാകുന്നു. അവയുടെ കൃത്യമായ പ്രവർത്തനമാണ് മുന്നിലിരിക്കുന്ന പ്രേക്ഷകന്റെ ആസ്വാദനത്തിന്റെ നല്ലൊരു പങ്കും.

നാടകമവസാനിക്കുമ്പോഴും നാടകസെറ്റുകളും പ്രോപ്പർട്ടീസും ശ്രദ്ധയോടെ അടുക്കിവച്ച് കെട്ടിവണ്ടി പോകുമ്പോഴും നാടകം കണ്ടു കയ്യടിച്ചു പോകുന്ന പ്രേക്ഷകർ ഇവരുടെ അധ്വാനത്തെക്കുറിച്ചന്വേഷിക്കുന്നില്ല – ചർച്ചചെയ്യുന്നില്ല.

ഇതുപോലെ അറിയറശില്പികൾ ഏറെയുണ്ട്.

1. രചയിതാവ്
2. ഗാനരചയിതാവ്
3. സംഗീതസംവിധായകൻ
4. ദീപസംവിധായകൻ
5. സംഗീതനിയന്ത്രണം
6. ദീപ നിയന്ത്രണം
7. പ്രോപ്പർട്ടീസ് നിർമ്മാതാവ്
8. വസ്ത്രാലങ്കാരകൻ
9. ചമയക്കാരൻ
10. സഹസംവിധായകൻ
11. സംവിധായകൻ

### രചയിതാവ്

നാടകത്തിന് ആദ്യം വേണ്ടത് കഥയാണ്. ആ കഥയെ നാടകരൂപത്തിലാക്കുന്ന രചയിതാവ് മുഖ്യ പങ്കുവഹിക്കുന്നു. ഇതിവൃത്തവും നാടക ഘടനയും പ്രേക്ഷകനിലേക്ക് പ്രവേശിപ്പിക്കുന്നത് ഒരു നാടകത്തിന്റെ ആദ്യ പ്രവർത്തനമാണ്.

### സംവിധായകൻ

നാടക സ്ക്രിപ്റ്റിനെ രംഗഭാഷയിലൂടെ പ്രേക്ഷകനിൽ എത്തിക്കേണ്ട പ്രധാന ചുമതല സംവിധായകനാണ്. ആജീവനാന്തം നാടകം കാണുവാനും ആസ്വദിക്കുവാനും വേണ്ട സംഭാഷണം, രംഗക്രിയകൾ, രംഗാവിഷ്കാരം എല്ലാം സംവിധായകന്റെ മനോധർമ്മത്തിനു വിധേയമാണ്. രംഗമാറ്റങ്ങളും കഥാപാത്രങ്ങളുടെ ചലനങ്ങളും വളരെ സൗന്ദര്യാത്മകമായി സംവിധാനം ചെയ്യേണ്ട കർത്തവ്യം സംവിധായകനാണ്.

ദുർബലമായ രചനകളെപ്പോലും സംവിധാന മികവിലൂടെ പ്രേക്ഷകരുടെ പ്രശംസയേറ്റുവാങ്ങിയ ധാരാളം നാടകങ്ങളുണ്ട്. സംവിധായകനാണ് നാടകത്തിന്റെ നാഥൻ എന്നുതന്നെ പറയാം. എങ്കിലും നടനാണ് നാടകത്തിന്റെ ജീവൻ എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

### ഗാനരചയിതാവ്

നാടകം ആവശ്യപ്പെടുന്നുവെങ്കിൽ സംവിധായകന്റെ കാഴ്ചപ്പാടിനനുയോജ്യമായ പാട്ടിനുവേണ്ട ഗാനങ്ങളോ കവിതകളോ രചിക്കേണ്ട സാഹിത്യകാരൻ നാടകശില്പികളുടെ കൂട്ടത്തിൽ സ്ഥാനം പിടിക്കുന്നു.

### സംഗീതസംവിധായകൻ

നാടകത്തിന്റെ റിഹേഴ്സൽ പുരോഗമിക്കുമ്പോൾ ഇടപെടേണ്ട ജോലി സംഗീതസംവിധായകനുണ്ട്. നടീനടന്മാർ സംഭാഷണം പഠിച്ച് സംവിധായകന്റെ നിർദ്ദേശാനുസരണമുള്ള ചലനങ്ങൾ പഠിച്ചു കഴിഞ്ഞാൽ നാടകമുഹൂർത്തങ്ങൾക്കാവശ്യമായ സംഗീതം ഒരുക്കുന്നതിനായി അവരുടെ ചലനങ്ങളുടെ സമയം വരെ അളന്ന്, അതിനനുസരണമായി രംഗവികാരം മനസ്സിലാക്കി പശ്ചാത്തല സംഗീതമൊരുക്കേണ്ടി വരുന്നു. ഗാനങ്ങൾക്ക് സംഗീതം പകർന്ന് നാടക അവതരണത്തിനു സഹായമേകുമ്പോൾ നടീനടന്മാർക്കും പ്രേക്ഷകർക്കും അവതരണത്തിൽ ഉണ്ടാകുന്ന അനുഭൂതി വളരെ വലുതാണ്. ഒരു സംഗീതസംവിധായകൻ നാടകത്തിന്റെ കരുത്താണ്.

### ദീപസംവിധായകൻ

പ്രകൃതിവെട്ടം കടന്നുവരാത്ത അവതരണ രംഗത്ത് നാടകത്തിന്റെ കാലം, മുഹൂർത്തങ്ങളുടെ വികാരത്തിന് ശക്തികൂട്ടുന്ന പ്രകാശ ക്രമീകരണങ്ങൾ നാടകത്തിന്റെ സ്വഭാവത്തിനുയോജ്യമായ തരത്തിൽ ഡിസൈൻ ചെയ്ത് പ്രേക്ഷകരിൽ സ്ഥലകാല വ്യക്തതയൊരുക്കുവാൻ ഒരു ദീപസംവിധായകന്റെ സാന്നിദ്ധ്യമുണ്ടാകണം.

നാടകസ്വഭാവത്തിനും സംവിധായകൻ ഒരുക്കുന്ന സ്റ്റേജിനനുസരിച്ച് പ്രകാശത്തിന്റെ സങ്കീർണതകളും വ്യതിയാനങ്ങളും പുരോഗമന നാടകസങ്കേതങ്ങളിൽ വളരെ ആവശ്യമാണ്.

### സംഗീതനിയന്ത്രണം

സംഗീതസംവിധായകൻ ചെയ്ത സംഗീതത്തിലെ ഗാനങ്ങൾ, മറ്റു പശ്ചാത്തല സംഗീതം, നാടകമാവശ്യപ്പെടുന്ന ശബ്ദലേഖനങ്ങൾ എല്ലാമടങ്ങുന്ന സി.ഡി.യോ മറ്റു സാധ്യതകളോ ഉപയോഗിച്ച് നാടകാവതരണത്തിന്റെ ടൈമിംഗ് അനുസരിച്ചു നിയന്ത്രിക്കുന്ന കലാകാരനിലൂടെയാണ് സംഗീതത്തിന്റെ ലയം പ്രേക്ഷകനിലെത്തിക്കുന്നത്. ഇവിടെ നാടകം മനസ്സിലാക്കിയ, സംഭാഷണം ഹൃദ്യമാക്കിയ ഒരു സംഗീത നിയന്ത്രകൻ നാടകത്തിന്റെ വിജയത്തിന്റെ പിന്നിലെ ശക്തിയാണ്.

### ദീപനിയന്ത്രണം

ദീപസംവിധായകൻ പരിശീലിപ്പിച്ച ഒരു നല്ല കലാകാരൻ ഇതിന്റെ പിന്നിലുണ്ട്. കഥാപാത്രങ്ങളുടെ സംഭാഷണം, രംഗമാറ്റം, രംഗമാറ്റത്തിനിടയിലുണ്ടാകുന്ന ഇരുൾ, കഥയുടെ തലം, സമയം എല്ലാം മനസ്സിലാക്കി ഒരു ഇലക്ട്രിക്കൽ ടെക്നീഷ്യന്റെ അറിവോടെ പ്രവർത്തിക്കുന്ന ആളാണ് നല്ല ദീപനിയന്ത്രകൻ.

നാടകാവതരണത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി അണിയറയിൽ പ്രവർത്തിക്കുന്ന മറ്റു ഘടകങ്ങൾ അടുത്ത ലക്കത്തിൽ.

(തുടരും)

## ശ്രീ പുർണത്രയീശ പുരസ്കാരം സുഭദ്ര തമ്പുരാന്



ഈ വർഷത്തെ തൃപ്പൂണിത്തുറ ശ്രീ പൂർണ്ണത്രയീശ ക്ഷേത്രത്തിലെ വൃശ്ചികോത്സവാഘോഷ ചടങ്ങിൽ 'ശ്രീ പുർണത്രയീശ പുരസ്കാരം' സംഗീതജ്ഞ ശ്രീമതി സുഭദ്ര തമ്പുരാന് ലഭിച്ചു. ഉത്സവത്തിന്റെ ഒന്നാം ദിവസം നടന്ന ഉദ്ഘാടന ചടങ്ങിൽ ജസ്റ്റിസ് പി. സോമരാജൻ, സംഗീതസംവിധായകൻ എം. ജയചന്ദ്രൻ, നഗരസഭാ ചെയർപേഴ്സൺ ശ്രീമതി ചന്ദ്രികാദേവി, ശ്രീ പുർണ്ണത്രയീശ ക്ഷേത്ര ഉപദേശക സമിതി പ്രസിഡന്റ് ശ്രീ. പ്രകാശ് അയ്യർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ എം.എൽ.എ. അഡ്വ. എം. സ്വരാജ് പുരസ്കാരം നൽകി ആദരിച്ചു.




# സിനിമയിലെ ക്രൈസ്തവ ഗാനങ്ങൾ




ക്രിസ്ത്യാനികളായെ ഏവർക്കും ആകർഷകമായ ഒരു കലോപാധിയാണ് ഗാനം. ജന്മദിനങ്ങളിലും ക്രിസ്മസ് ആഘോഷങ്ങളിലും ഈസ്റ്ററിനും വിവാഹ കർമ്മങ്ങളിലും പള്ളിപ്രാർത്ഥനകളിലും മരണാനന്തര ചടങ്ങുകളിലും ഈ സമുദായം ഹൃദ്യമായ ഗാനങ്ങൾ ആലപിക്കും. ക്രിസ്ത്യൻ പള്ളിക്കൂടങ്ങളിലും ഇത്തരം പാട്ടുകളും പ്രാർത്ഥനകളും പതിവുണ്ട്. മാനസികോത്തേജനം നൽകാൻ ഇത് വളരെ പ്രയോജകീഭവിക്കുന്നു.

'വരുതാ യേശുപര, നിനക്കെന്നും വരുതാ യേശുപര', 'എന്തതിശയമേ ദൈവത്തിൻ സ്നേഹം എത്ര മനോഹരമേ', 'എൻ യേശു എൻ സംഗീതം ബലമാകുന്നു' തുടങ്ങിയ ഗാനങ്ങൾ വളരെ



രാജാ ശ്രീകുമാരവർമ്മ

ആകർഷകമാണ്. സി.എസ്.ഐ. വിഭാഗത്തിന്റെ ഗാനങ്ങളാണിവ. 'പാടിൻ പാടിൻ ഹാലേലുയ്യ' എന്ന പാട്ട് ജാക്കബേറ്റ്, ഓർത്തഡോക്സ്, മാർതോമാ വിഭാഗങ്ങൾ പൊതുവായി പാടുന്നതാണ്. 'യഹൂദിയായിലെ ഗ്രാമത്തിൽ' എന്ന ഗാനം കതോലിക്കാസഭ ആലപിച്ചു വരുന്നുണ്ട്.

ക്രിസ്ത്യൻ ഗാനങ്ങൾ സാമാന്യ ജനതയിൽ പ്രചരിക്കുവാനിടവന്നത് സിനിമയിലൂടെയാണ്. ക്രിസ്ത്യൻ സമുദായത്തെക്കുറിച്ച് മലയാളത്തിലുണ്ടായ സിനിമയാണ് സ്നേഹസീമ. അഭയദേവ് എഴുതിയ ഗാനങ്ങൾക്ക് ഈണം പകർന്നത് വി. ദക്ഷിണാമൂർത്തിയാണ്. അതിൽ 'അധ്വാനിക്കുന്നോർക്കും ഭാരം ചുമക്കുന്നോർക്കും അത്താണിയായുള്ളോനെ കർത്താവേ യേശുനാഥ' എന്ന ഗാനവും പി. ലീല പാടിയ 'കനിവോലും കമനീയ ഹൃദയം, യേശുമിശിഹാ തൻ തിരുവുള്ളം' എന്ന ഗാനവും സിനിമ കൊട്ടകകളിലൂടെയും ആകാശവാണിയിലൂടെയും ഒഴുകി. ദേവ് സാർ രചിച്ച മറ്റൊരു ഗാനമാണ് 'ജ്ഞാനസുന്ദരി'യിലെ കന്യമറിയമേ തായേ' എന്നുള്ളത്. കെ.എസ്. സേതുമാധവന്റെ ആദ്യചിത്രവുമാണിത്. 'വേലുത്തമ്പിദളവ'യിൽ 'ആകാശത്തിരിക്കും ബാവയെ' എന്ന ഗാനവും 'കടമറ്റത്തച്ച'നിലെ








'എണ്ണിയാൽ തീരാത്ത പാപം ഒരുതുള്ളി കണ്ണീരുകണ്ടാൽ പെറുക്കുന്നോനെ' എന്ന പാട്ടും ദേവ് സാർ രചിച്ചു.




'അധ്യാപിക' എന്ന ചിത്രത്തിനുവേണ്ടി ഒഎൻവി രചിച്ച 'പള്ളിമണികളേ പള്ളിമണികളേ സ്വർലോക ഗീതത്തിന്നുറവകളേ' എന്ന ഗാനത്തിന് സംഗീതം പകർന്നത് വി. ദക്ഷിണാമൂർത്തിയാണ്. 'അന്വേഷിച്ചു കണ്ടെത്തിയില്ല' എന്ന സിനിമയിൽ പി. ഭാസ്കരൻ രചിച്ച 'പാവനനാം ആട്ടിടയാ പാത കാട്ടുക നാഥാ' എന്ന ഗാനവും 'താമരക്കുമ്പിളിലല്ലോ മമഹൃദയം അതിൽ താതാ നിൻ സംഗീതമധുപകരൂ' എന്ന ഗാനവും അതിപ്രശസ്തമായി.

വയലാറിന്റെ ക്രിസ്തീയ ഗാനങ്ങളിൽ പലതും ഇന്നും പള്ളികളിൽ ആലപിക്കപ്പെടാറുണ്ട്. 'ഓമനക്കയ്യിലൊലീവിലക്കൊമ്പുമായ് ഓശാന പെരുനാളുവന്നു' എന്ന ഗാനം 'ഭാര്യ'യിലാണ്. ദേവരാജൻ ഈണം നൽകി 'സ്നാപകയോഹന്നാൻ' എന്ന ചിത്രത്തിൽ ബത്‌ലഹമിന്റെ തിരുമുടിക്കെട്ടിലെ പുൽക്കൂടു തന്ന മണിക്കിടാവിനെ വർണ്ണിക്കുന്നു. തിരുനയിനാർകുറിച്ചി എഴുതിയ 'ദാവീദിൻ' എന്ന പാട്ടും ഇതിലുണ്ട്. ബ്രദർ ലക്ഷ്മണനാണ് ഇവ




യുടെ സംഗീതം 'നാടൻപെണ്ണി'ൽ ആകാശങ്ങളിലി രിക്കുന്ന അനശ്വരനായ പിതാവിനെ വയലാർ വാഴ്ത്തുന്നു. 'നദി'യിലെ 'നിത്യവിശുദ്ധയാം കന്യാമറിയമേ നിൻനാമം വാഴ്ത്തപ്പെടട്ടേ' എന്ന ഗാനം അത്ഭുതതരംഗങ്ങൾ സൃഷ്ടിച്ചു. യേശുദാ സാണ് ആലപിച്ചത്. ദേവരാജസംഗീതം. 'ലോറാ നീ എവിടെ'യിൽ കിഴക്കൻമലയിലെ വെണ്ണിലാവ് ഒരു ക്രിസ്ത്യാനിപെണ്ണാണ്. എ.എം. രാജയാണ് ഗായകൻ. ശ്രീകുമാരൻ തമ്പി 'സിംഹാസനം' സിനിമയിൽ രചിച്ച 'സത്യനായകാ മുക്തിദായകാ പുൽത്തൊഴുത്തിൻ പുളകമായ ശ്രീയേശുനാ യകാ' എന്ന ഗാനത്തിന് എം.എസ്. വിശ്വനാഥൻ സംഗീതം പകർന്നു. യേശുദാസിന്റെ ഉജ്ജ്വലനാദം. ഭൂമിയിലെ മാലാഖ എന്ന ചിത്രത്തിൽ വർഗീസ് വടകര എഴുതിയ മുൾമുടിചൂടിയ നാഥാ എന്ന ഗാനവും ഏറെ ശ്രദ്ധേയമായി.

'സായൂജ്യം' സിനിമയ്ക്ക് യൂസഫലി കേച്ചേരി രചിച്ച് കെ.ജെ. ജോയി ഈണം നൽകിയ ഗാന മാണ് 'കാലിത്തൊഴുത്തിൽ പിറന്നവനെ' എന്നത്. സുശീല പാടി. 'നീയെന്റെ പ്രാർത്ഥന കേട്ടു' കാറ്റു വിതച്ചവൻ എന്ന സിനിമയിൽ പൂവച്ചൽ ഖാദർ എഴുതി പീറ്റർ രൂപൻ സംഗീതം നൽകിയ ഗാന മാണ്.

പള്ളിയങ്കണങ്ങളിൽ ക്രിസ്ത്യൻ ഗാനങ്ങൾ പ്രചരിക്കുവാനിടയായത് നാടക-സിനിമാ ഗാനങ്ങ ളിലൂടെയാണ്. ക്രൈസ്തവ സംസ്കാരം തുടി ക്കുന്ന ഗാനങ്ങളാണിവ. അതിനാൽ സഹൃദയ ലോകം ധന്യമാണ്. ●

# കവി മുട്ടത്തു സുധ കവിതാ പുരസ്കാരം 2020
# കൃതികൾ ക്ഷണിക്കുന്നു



മുട്ടത്തു സുധ ഫൗണ്ടേഷന്റെ ആഭിമു ഖ്യത്തിൽ 45 വയസ്സുവ രെയുള്ള കവികളുടെ 2015 ജനുവരി 1 മുതൽ 2019 ഡിസംബർ 31 നുള്ളിൽ പുസ്തക രൂപ ത്തിൽ പ്രസിദ്ധീകരിച്ച കവിതാ ഗ്രന്ഥങ്ങൾക്കാണ് അവാർഡ് നൽകു ന്നത്. 25,000/- രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. കവി മുട്ടത്തു സുധയുടെ 4-ാം അനുസ്മരണ വാർഷികത്തോടനുബന്ധിച്ച് 2020 ഫെബ്രുവരി 16 ന് അദ്ദേഹത്തിന്റെ വസതിയിൽ നടക്കുന്ന ചടങ്ങിൽ വച്ചാണ് അവാർഡ് നൽകുന്നത്. ഗ്രന്ഥകർത്താക്കളോ, പ്രസാധകരോ മേൽപ റഞ്ഞ കാലയളവിലുള്ള പുസ്തകങ്ങളുടെ 4 കോപ്പികൾ വീതം

***മുട്ടം സി.ആർ. ആചാര്യ,***
***സെക്രട്ടറി,***
***കവി മുട്ടത്തുസുധ ഫൗണ്ടേഷൻ,***
***വിശ്വഭാരതി വിദ്യാഭവൻ,***
***മുട്ടം പി.ഒ., ഹരിപ്പാട് - 690511***

എന്ന വിലാസത്തിൽ 2020 ജനുവരി 15 ന് മുൻപായി അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9447348964, 0479-2400320 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

# 58 കലാദർശിനി

(ചോദ്യോത്തരപംക്തി)

രാഗലയം ശ്രുതിയും, പാലക്കാട് ദർശൻ സ്കൂൾ ഓഫ് മ്യൂസിക്കും (Co-ordinating Centre of BSS Cultural Mission-Diploma Courses- ***Music, Dance & Arts***) സംയുക്തമായി സംഘടിപ്പിക്കുന്ന വിജ്ഞാനപ്രദമായ ചോദ്യോത്തരപംക്തി

1. എ.ഡി അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇദ്ദേഹത്തിന്റെ കാലത്തിനു മുൻപ് ഗ്രാമം, ജാതി എന്നീ പേരുകളിലാണ് രാഗം എന്ന പദം അറിയപ്പെട്ടിരുന്നത്. രാഗപദ്ധതിയുടെ പിതാവായി അറിയപ്പെടുന്ന,ഈ മഹത് വ്യക്തി ആര് ?
   1) പുരന്ദരദാസ് (2) രാമാമാത്യൻ (3) മതംഗമുനി (4) ജയദേവകവി
2. ചുമർചിത്രത്തിന്റെ അവസാനത്തെ ഭാഗമായ പ്രവർത്തനത്തെ 'ഉന്മീലനം' എന്നു പറയുന്നു. ഏതു ഭാഗം വരയ്ക്കുന്നതിനെയാണ് ഇപ്രകാരം പറയുന്നത് ?
   1) കൈവിരലുകൾ (2) തല (3) മാറിടം (4) കണ്ണിന്റെ കൃഷ്ണമണി
3. കർണ്ണാടക സംഗീതത്തിലെ ഹിന്ദോളരാഗത്തിനു സമാനമായ ഹിന്ദുസ്ഥാനി രാഗം ?
   1) ഖമാജ് (2) ഭൈരവ് (3) മാൽകൗൺസ് (4) കാഫി
4. ഈ വർഷത്തെ ഗുരുവായൂർ ചെമ്പൈ സംഗീതപുരസ്കാരം നേടിയ കലാകാരൻ ആരാണ് ?
   1)ടി.എൻ.ശേഷഗോപാൽ (2) ടി.വി.ഗോപാലകൃഷ്ണൻ (3)കദ്രി ഗോപാലനാഥ് (4) ഉമയാൾപുരം കെ.ശിവരാമൻ
5. എഴുത്ത് എന്ന കലയെ വിവിധ രീതിയിൽ അഥവാ ശൈലിയിൽ മാറ്റാം. ഇതിന് ഉപയോഗിക്കുന്ന പേനയ്ക്കു പറയുന്ന പേരെന്താണ് ?
   1) ലിത്തോഗ്രാഫിപെൻ (2) മൈക്രോടിപ് പെൻ (3) കാലിഗ്രാഫിപെൻ (4) സെറിഗ്രാഫിപെൻ
6. ഹിന്ദുസ്ഥാനിസംഗീതത്തിൽ വായ്പ്പാട്ടിൽ പ്രസിദ്ധി നേടിയത് ഇവരിൽ ആരാണ് ?
   1) പണ്ഡിറ്റ് ഹരിപ്രസാദ് ചൗരസ്യ (2) പണ്ഡിറ്റ് ശിവകുമാർശർമ്മ (3) പണ്ഡിറ്റ്രവിശങ്കർ (4) പണ്ഡിറ്റ് ജസ്‌രാജ്
7. തന്റെ കൃതികളിൽ 'ഗർഭപുരി' എന്ന മുദ്ര ഉപയോഗിച്ച് രചനകൾ നടത്തിയിട്ടുള്ളത് ഇവരിൽ ആരാണ് ?
   1) ഗോപാലകൃഷ്ണഭാരതി (2)പച്ചിമറിയം ആദിയപ്പയ്യ (3) കരൂർ ദക്ഷിണാമൂർത്തിഅയ്യർ(4)മൈസൂർ സദാശിവറാവു
8. ചിത്രകലയുടെ ഏറ്റവും പ്രാധാന്യമേറിയ ഭാഗം ഇവയിൽ ഏതാണ് ?
   1) രേഖകൾ (2) രൂപങ്ങൾ (3) ത്രിമാനത (4) ദ്വിമാനത
9. ഉത്സവസമ്പ്രദായകൃതികൾ രചിച്ച വാഗ്ഗേയകാരൻ ആരാണ് ?
   1) മുത്തുസ്വാമിദീക്ഷിതർ (2) ഇരയിമ്മൻ തമ്പി (3) സ്വാതിതിരുനാൾ (4) ത്യാഗരാജസ്വാമികൾ
10. എണ്ണച്ചായാ ചിത്രരചനാ രീതി കണ്ടുപിടിച്ചത് ആരാണ് ?
   1) വാൻ ഐക് സഹോദരന്മാർ (2) രവിവർമ്മ (3) ലിയാനാഡോ ദാവിഞ്ചി (4) റൈറ്റ് സഹോദരന്മാർ

**ലക്കം 6.** (കലാദർശിനി 57)- ൽ കൊടുത്തിട്ടുണ്ടായിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ താഴെ ചേർക്കുന്നു.

1. ഗോപാൽനായക് 2.കൂവളം, 3. ഉദയ, 4. ഉച്ചക്ക്, 5. കാസർഗോഡ്, 6.കൂടിയാട്ടം, 7. നീളവും, വീതിയും, ഘനവും, 8.മാളവികാഗ്നിമിത്രം , 9. ലാന്റ് സ്കേപ്പ് പെയിന്റിംഗ്, 10. ഓട്ടൻ തുള്ളൽ

| | |
|---|---|
| *(കലാവാണി)*<br>യഥാ കന്ദുകപാതേനോൽപതത്യാര്യഃ പതന്നപി<br>തഥാ ത്വനാര്യഃ പതതി മൃൽപിണ്ഡപതനം യഥാ | ദൈവാനുകൂല്യമുള്ളവർ വീണുപോയാലും പന്തിന്റെ പതനമെന്നപോലെ ഉയരുന്നു. എന്നാൽ ദൈവാനു കൂല്യമില്ലാത്തവനാകട്ടെ; മണ്ണുകൊണ്ടുള്ള ഉരുള വീണാൽ എപ്രകാരമാണോ അതുപോലെ ഉയരാതെ വീണുതന്നെ കിടക്കുന്നു. *(ഭർത്തൃഹരി)* |


With Best Compliments from.....

**Yogodyanam School of Music, Dance & Arts, Edavarad (Po), Perambra, Kozhikkode District; Pin- 673 525-** Mob:-9072514916
E-mail: chandranpariyaram@gmail.com

**ബി.എസ്സ്.എസ്സ്.കൾച്ചറൽ മിഷൻ**
**സംഗീതം, നൃത്തം, ചിത്രകല**
*ഡിപ്ലോമാ കോഴ്സുകളുടെ*
***അംഗീകൃത പഠനകേന്ദ്രം***